10
2026
ജനുവരി
ശനി
ധനു 26

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 14 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-14 പേജ് 4. വില 2.00 രൂപ

02 ആദ്യം അക്കൗണ്ടിൽ പണം ഇട്ടു, പിന്നെ ഇഎംഐ അടയ്ക്കാനുണ്ടെന്നു യുവാവിനു ഭീഷണി

03 വിവാദങ്ങൾക്കു വിരാമം; പുതിയ ഓഫീസ് തുറന്ന് വി. കെ. പ്രശാന്ത് എംഎൽഎ

04 വാഹനങ്ങൾ തമ്മിൽ ആശയവിനിമയം നടത്തുന്ന സാങ്കേതികവിദ്യ ഇന്ത്യയിൽ

# മത്സ്യത്തൊഴിലാളികൾക്കായി വരുന്നു വമ്പൻ പ്രോജക്ട്

തിരുവനന്തപുരം: നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ പ്രാദേശിക കേന്ദ്രം തിരുവനന്തപുരത്ത് സ്ഥാപിക്കാനുള്ള തീരുമാനം കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ (ലാലൻ) സിംഗ് അറിയിച്ചു. ഹൈദരാബാദിൽ നടന്ന ചഎഉആ യോഗത്തിനിടെയാണ് അദ്ദേഹം ഈ പ്രഖ്യാപനം നടത്തിയത്.

കേന്ദ്രം സ്ഥാപിക്കാനുള്ള എല്ലാ പ്രാഥമിക നടപടി ക്രമങ്ങളും പ്രധാനമന്ത്രിയുടെ തിരുവനന്തപുരം സന്ദർശനത്തിന് മുമ്പ് ഉണ്ടാകും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യന്റെ നിർദ്ദേശ പ്രകാരമാണ് ഈ തീരുമാനം. പ്രാദേശിക കേന്ദ്രം വരുന്നതോടെ മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനം, ഉപജീവനമാർഗം എന്നിവയിൽ വലിയ പുരോഗതിയാവും ഉണ്ടാവുക.

എൻഎഫ്ഡിബി കേന്ദ്രത്തിൻറെ കൂടുതൽ പ്രയോജനം ലഭിക്കുന്നതു തിരുവനന്തപുരം ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്കായിരിക്കും

### വിഴിഞ്ഞം, മുതലപ്പൊഴി തുറമുഖങ്ങളിലെ അനുബന്ധ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് കൂടുതൽ വേഗതയേറും

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ ഉൾപ്പെടെയുള്ള തീരദേശ ജില്ലകളിലെ പതിനായിരക്കണക്കിനു മത്സ്യത്തൊഴിലാളികൾക്കു പദ്ധതിയുടെ പ്രയോജനം ലഭിക്കും. വിഴിഞ്ഞം, വലിയതുറ, കൊച്ചുവേളി എന്നീ സ്ഥലങ്ങളാണ് എൻഎഫ്ഡിബി പ്രാദേശിക കേന്ദ്രത്തിനായി പരിഗണനയിലുള്ളത്.

പ്രധാനമന്ത്രി നരേന്ദ്ര മോദി തിരുവനന്തപുരത്ത് എത്തുമെന്ന വാർത്ത സജീവമായി നിൽക്കെ കേന്ദ്ര സർക്കാരിൻറെ നാഷണൽ ഫിഷറീസ് ഡവലപ്മെൻറ് ബോർഡിൻറെ പ്രാദേശിക കേന്ദ്രം തിരുവനന്തപുരത്തു തുടങ്ങാനുള്ള നീക്കം ദ്രുതഗതിയിലാക്കി കേന്ദ്രസർക്കാർ. കേന്ദ്രത്തിൻറെ പ്രഖ്യാപനത്തിൽ വലിയ പ്രതീക്ഷയിലാണ് തീരദേശജനതയും മത്സ്യത്തൊഴിലാളികളും. ആഴക്കടലിൽ മത്സ്യബന്ധനത്തിനു പോകുന്നവർ ഉൾപ്പെടെ സംസ്ഥാനത്ത് 10 ലക്ഷത്തിൽപരം തൊഴിലാളികളാണ് ഈ മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നത്. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനു പ്രത്യേക പദ്ധതികൾ തയാറാക്കണമെന്ന മത്സ്യത്തൊഴിലാളികളുടെ ദീർഘകാലമായ ആവശ്യങ്ങളിൽ ഒന്നാണ് പുതിയ സംരംഭം. മത്സ്യ ഉത്പാദനം വർധിപ്പിക്കുക, മത്സ്യമേഖലയിലെ



അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുക, മത്സ്യമേഖലയിൽ കുടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് എൻഎഫ്ഡിബിയുടെ പ്രാദേശിക കേന്ദ്രം വഴി നടപ്പിലാക്കാൻ കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്.

ഇതോടെ പ്രത്യക്ഷമായും പരോക്ഷമായും മത്സ്യമേഖലയെ ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങളുടെ ജീവിത നിലവാരം ഉയരുമെന്നാണ് മത്സ്യത്തൊഴിലാളി സംഘടനകൾ പറയുന്നത്. കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻറെ ആവശ്യപ്രകാരം കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ ലല്ലൻസിംഗാണ് തിരുവനന്തപുരത്ത് എൻഎഫ്ഡിബിയുടെ പ്രാദേശിക കേന്ദ്രം തുടങ്ങുമെന്നു കഴിഞ്ഞ ദിവസം അറിയിച്ചത്. പ്രധാനമന്ത്രി നരേന്ദ്രമോദി തിരുവനന്തപുരം സന്ദർശിക്കുന്നതിനു മുന്നോടിയായി എൻഎഫ്ഡിബിയുടെ പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നതിൻറെ നടപടിക്രമങ്ങൾ പൂർത്തിയാക്കുമെന്നാണ് കേന്ദ്രമന്ത്രി അറിയിച്ചത്.

## കേന്ദ്ര ബജറ്റ് ഫെബ്രുവരി ഒന്നിന്; രാഷ്ട്രപതി അംഗീകാരം നൽകി

ന്യൂഡൽഹി: കേന്ദ്ര ബജറ്റ് ഫെബ്രുവരി ഒന്നിന് ഞായറാഴ്ച അവതരിപ്പിക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി. ചരിത്രത്തിൽ ആദ്യമായാണ് ബജറ്റ് ഞായറാഴ്ച അവതരിപ്പിക്കുന്നത്. 28ന് രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിക്കുന്ന ബജറ്റ് സമ്മേളനം ഏപ്രിൽ രണ്ടുവരെ നീണ്ടുനിൽക്കും.

രണ്ട് ഘട്ടങ്ങളിലായാണ് ഇത്തവണ സഭ സമ്മേളിക്കുന്നത്. 28 ന് രാഷ്ട്രപതി ഇരുസഭകളെയും അഭിസംബോധന ചെയ്യുന്നതോടെ ബജറ്റ് സമ്മേളനത്തിന് തുടക്കമാകും. ഫെബ്രുവരി 13ന് ആദ്യ ഘട്ടം അവസാനിക്കും. തുടർന്ന് മാർച്ച് ഒമ്പതിന് സഭ വീണ്ടും ചേരുകയും ഏപ്രിൽ രണ്ടിന് സമ്മേളനം പൂർത്തിയാവുകയും ചെയ്യും.

അതേസമയം ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ വരുന്ന 29ന് ചീഫ് ഇക്കണോമിക് അഡ്വൈസർ വി. അനന്ത നാഗേശ്വരൻ സമർപ്പിക്കും. നിർമല സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒമ്പതാമത്തെ ബജറ്റെന്ന പ്രത്യേകതയും ഇത്തവണയുണ്ട്.

ഇതോടെ തുടർച്ചയായി ഒമ്പതു ബജറ്റുകൾ അവതരിപ്പിക്കുന്ന രാജ്യത്തെ ആദ്യ ധനമന്ത്രി എന്ന ചരിത്രനേട്ടം അവർക്ക് സ്വന്തമാകും. രാജ്യത്ത് ഏറ്റവും കൂടുതൽ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളതിൻറെ റിക്കാർഡ് മുൻ പ്രധാനമന്ത്രി മൊറാർജി ദേശായിയുടെ പേരിലാണ്. മൊത്തം പത്ത് ബജറ്റുകളാണ് മൊറാർജി ദേശായി അവതരിപ്പിച്ചിട്ടുള്ളത്.

## ഇന്ത്യയുടെ ജിഡിപി വളർച്ചാ നിരക്ക് ഇടിഞ്ഞേക്കുമെന്ന് യുഎൻ റിപ്പോർട്ട്

ന്യൂഡൽഹി: കഴിഞ്ഞ വർഷത്തെ മികച്ച പ്രകടനത്തിനു പിന്നാലെ 2026ൽ ഇന്ത്യയുടെ ജിഡിപി വളർച്ചാ നിരക്ക് 6.6 ശതമാനത്തിലേക്ക് ഇടിയാൻ സാധ്യതയെന്നു യുഎൻ റിപ്പോർട്ട്. രാഷ്ട്രീയ, ഭൗമ സംഘർഷങ്ങൾ, അന്താരാഷ്ട്ര സാമ്പത്തിക സമ്മർദങ്ങൾ, ആഗോള സാമ്പത്തിക അസ്ഥിരത എന്നിവ ഇന്ത്യയുടെ ജിഡിപി വളർച്ചയെ ബാധിച്ചേക്കാമെന്നാണ് യുഎൻ വിലയിരുത്തൽ. 2025ൽ മികച്ച പ്രകടനം നടത്തി 7.4 ശതമാനമായിരുന്നു ഇന്ത്യയുടെ ജിഡിപി വളർച്ച. വളർച്ച മന്ദഗതിയിലാണെങ്കിലും ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ് വ്യവസ്ഥയായി ഇന്ത്യ തുടരും. നിയന്ത്രിത ഗാർഹികച്ചെലവുകളും പൊതുനിക്ഷേപവും കുറഞ്ഞ പലിശനിരക്കും രാജ്യത്തിൻറെ സാമ്പത്തിക പരിവർത്തനങ്ങൾക്കു വളർച്ച കൂട്ടുമെന്നും ഐക്യരാഷ്ട്ര സംഘടനയുടെ 'ലോകസാമ്പത്തിക സ്ഥിതിയും സാധ്യതകളും" എന്ന റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

യുഎസ് ഇന്ത്യയ്ക്കു മേൽ ഉയർന്ന തീരുവ ഏർപ്പെടുത്തിയതു ചില ഉത്പന്നങ്ങളെ ബാധിച്ചേക്കുമെങ്കിലും പ്രധാന കയറ്റുമതി മേഖലകളെ ബാധിക്കില്ലെന്നാണ് കരുതുന്നതെന്നു റിപ്പോർട്ട് പറയുന്നു. മാത്രമല്ല, മറ്റു വിപണികളിലേക്കു പ്രവേശിക്കാനുള്ള സാധ്യതകളും മുന്നിലുണ്ട്.

## ശബരിമല സ്വർണക്കൊള്ള: തന്ത്രി കണ്ഠരര് രാജീവര് അറസ്റ്റിൽ

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ ശബരിമല തന്ത്രി കണ്ഠരര് രാജീവർ അറസ്റ്റിൽ. പ്രത്യേക അന്വേഷണസംഘം കസ്റ്റഡിയിലെടുത്ത അദ്ദേഹത്തെ ചോദ്യംചെയ്തതിനു ശേഷമാണ് അറസ്റ്റ് രേഖപ്പെടുത്തിയത്.

ശബരിമല സ്വർണക്കൊള്ള കേസിൽ 13ാം പ്രതിയാണ് തന്ത്രി കണ്ഠരര് രാജീവർ. വെള്ളിയാഴ്ച പുലർച്ചെയാണ് എസ്ഐടി തന്ത്രിയെ ചോദ്യംചെയ്യാനായി വിളിപ്പിച്ചത്. തുടർന്ന് മണിക്കൂറുകൾനീണ്ട ചോദ്യംചെയ്യലിന് ശേഷം ഉച്ച കഴിഞ്ഞ് അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. വൈകീട്ടോടെ പ്രതിയുടെ വൈദ്യ പരിശോധന പൂർത്തിയാക്കി. രാത്രി എട്ടുമണിയോടെ കൊല്ലം വിജിലൻസ് കോടതി ജഡ്ജി സി.എസ്. മോഹിതിന്റെ വസതിയിൽ ഹാജരാക്കിയ തന്ത്രി കണ്ഠരര് മോഹനരെ 14 ദിവസത്തേക്ക് ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ്ചെയ്തു. പ്രതിയെ തിരുവനന്തപുരം സബ് ജയിലിലേക്ക് മാറ്റും. പ്രതിയുടെ ജാമ്യഹർജി ചൊവ്വാഴ്ച പരിഗണിക്കും.

കേസിൽ റിമാൻഡിലുള്ള ദേവസ്വം ബോർഡ് മുൻ അധ്യക്ഷൻ എ. പത്മകുമാർ കണ്ഠരര് രാജീവർക്കെതിരേ എസ്ഐടിക്ക് മുന്നിൽ മൊഴി നൽകിയിരുന്നു. കേസിലെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയെ ശബരി



മലയിൽ എത്തിച്ചതും തനിക്ക് പരിചയപ്പെടുത്തിയതും തന്ത്രിയാണെന്നായിരുന്നു പത്മകുമാർ എസ്ഐടിക്ക് മൊഴി നൽകിയത്.

തന്ത്രി ആചാരലംഘനത്തിന് കൂട്ടുനിന്നു. പോറ്റിക്ക് കട്ടിളപ്പാളികൾ കൊണ്ടുപോകാനായി തന്ത്രി ഒത്താശചെയ്തു. താന്ത്രികവിധികൾ പാലിക്കാതെയാണ് കട്ടിളപ്പാളികൾ കൈമാറിയത്. ദേവന്റെ അനുജ്ഞ വാങ്ങാതെയാണ് കട്ടിളപ്പാളികൾ കൈമാറിയതെന്നും റിമാൻഡ് റിപ്പോർട്ടിലുണ്ട്.

ദേവസ്വം ബോർഡ് സ്വർണപ്പാളികൾ പോറ്റിക്ക് കൈമാറിയപ്പോൾ തന്ത്രി അത് തടയാൻ തയ്യാറായില്ല. പകരം, പാളികൾ കൊണ്ടുപോകാൻ കുറ്റകരമായ മൗനാനുവാദം നൽകിയെന്നും എസ്ഐടി പറയുന്നു. അതേസമയം, ഏതെങ്കിലും സാമ്പത്തിക ഇടപാടുകളെക്കുറിച്ച് റിമാൻഡ് റിപ്പോർട്ടിൽ പറയുന്നില്ല.

പാളികൾ ചെന്നൈയിലേക്ക് കൊടുത്തുവിടാൻ തന്ത്രിമാർ അനുമതി നൽകിയെന്നും തന്ത്രി കൊണ്ടുവന്നതിനാൽ പോറ്റിയെ വിശ്വസിച്ചതെന്നുമാണ് എ പത്മകുമാർ മൊഴി നൽകിയത്. അതേസമയം, സ്വർണപ്പാളികൾ പുറത്തേക്ക് കൊണ്ടുപോകാൻ അനുമതി നൽകിയിട്ടില്ലെന്നായിരുന്നു കണ്ഠരര് രാജീവർ മൊഴി നൽകിയത്. സ്വർണപ്പാളികൾ അറ്റകുറ്റപ്പണി നടത്താൻ മാത്രമാണ് അനുമതി നൽകിയതെന്നും പുറത്തേക്ക് കൊണ്ടുപോകാൻ അനുമതി നല്കിയിട്ടില്ലെന്നും മൊഴിയിലുണ്ട്.

### കേസെടുത്ത് ഇഡി

ശബരിമല സ്വർണക്കൊള്ളയിൽ കേസെടുത്ത് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്. എൻഫോഴ്സ്മെൻറ് കേസ് ഇൻഫർമേഷൻ റിപ്പോർട്ട് (ഇസിഐആർ) രജിസ്റ്റർ ചെയ്തു.

കള്ളപ്പണം തടയൽ നിയമപ്രകാരമുള്ള വകുപ്പുകൾ ചുമത്തി ഇഡി കൊച്ചി യൂണിറ്റാണ് കേസെടുത്തത്. ക്രിമിനൽ കേസുകൾ അന്വേഷിക്കാൻ പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നതിന് സമാനമായ നടപടിയാണിത്. ഇഡി കേസെടുത്തതോടെ പ്രതികളുടെ സ്വത്തുക്കൾ കണ്ടുകെട്ടും. കേസിലെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റി, ചെന്നൈ സ്മാർട്ട് ക്രിയേഷൻസ് ഉടമ പങ്കജ് ഭണ്ഡാരി, ബെല്ലാരിയിലെ ജ്വല്ലറി ഉടമ ഗോവർധൻ എന്നിവർ നടത്തിയ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച രേഖകൾ ആദ്യഘട്ടത്തിൽ പരിശോധിക്കും.

## തലസ്ഥാനത്തെ കൗൺസിലർമാരുടെ യോഗം വിളിച്ച് ഗവർണർ; ചരിത്രത്തിൽ ആദ്യം

തിരുവനന്തപുരം: തിരുവനന്തപുരം കോർപറേഷനിലെ കൗൺസിലർമാരുടെ യോഗം വിളിച്ചു കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. ശനിയാഴ്ച വൈകുന്നേരം മൂന്നിന് ലോക്ഭവനിലാണ് യോഗം. തുടർന്ന് ചായസത്കാരവും നടക്കും.

നൂറ് കൗൺസിലർമാരെയും യോഗത്തിന് ക്ഷണിച്ചിട്ടുണ്ട്. ചരിത്രത്തിലാദ്യമായാണ് ഗവർണർ കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗം വിളിച്ചു ചേർക്കുന്നത്.

മേയർ വിവി രാജേഷും ബിജെപി കൗൺസിലർമാരും വിരുന്നിൽ പങ്കെടുക്കും. അതേസമയം, കോൺഗ്രസും സിപിഎമ്മും നിലപാട് വ്യക്തമാക്കിയിട്ടില്ല.

## അമിത് ഷായുടെ സന്ദർശനം: തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം

തിരുവനന്തപുരം: കേന്ദ്ര ആഭ്യന്തരവകുപ്പ് മന്ത്രി അമിത് ഷായുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. നാളെ (ശനി) രാത്രി ഏഴുമണി മുതൽ 11.30 വരെയും ഞായറാഴ്ച രാവിലെ ഏഴു മണി മുതൽ വൈകുന്നേരം ആറുമണി വരെയും ഗതാഗത നിയന്ത്രണങ്ങളുണ്ടായിരിക്കും.

ട്രാഫിക് ക്രമീകരണങ്ങളുടെ വിവരങ്ങൾ അറിയുന്നതിലേക്ക് പൊതുജനങ്ങൾക്ക് 04712558731, 9497930055 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.



# നിയമസഭാ പുസ്തകോത്സവം: ഓൺലൈൻ മത്സരങ്ങളുടെ ഫലം പ്രഖ്യാപിച്ചു

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം നാലാം പതിപ്പിന്റെ ഭാഗമായി സംഘടിപ്പിച്ച വിവിധ ഓൺലൈൻ മത്സരങ്ങളുടെ ഫലം പ്രഖ്യാപിച്ചു.

പുസ്തകാസ്വാദനം ജൂനിയേഴ്സ് വിഭാഗത്തിൽ ലിയ സച്ചിൻ, അമല പി. ആർ., ദിയ റോസ് മറിയ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും രാമാനുജൻ പി. എസ്. പ്രോത്സാഹന സമ്മാനവും നേടി. സീനിയേഴ്സ് വിഭാഗത്തിൽ നിഷകമാരി ടി., ബിജി ജി. ബാബു, കരോൾ എബ്രഹാം എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും ഷഫീക് കരക്കാട് പ്രോത്സാഹന സമ്മാനവും നേടി.

മാസ്റ്റേഴ്സ് വിഭാഗത്തിൽ ശ്രീജ പ്രിയദർശനൻ, രാജീവ് എം., സരിത എസ്. നായർ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ജയകുമാർ വി. എസ്. പ്രോത്സാഹന സമ്മാനത്തിനർഹമായി.

പദ്യപാരായണം സബ് ജൂനിയേഴ്സ് വിഭാഗത്തിൽ സാത്വിക് കൃഷ്ണ വി., അർജുൻ ബി., ഇനിയ കെ. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും നവനീത് എച്ച്. പ്രോത്സാഹന സമ്മാനവും നേടി. ജൂനിയേഴ്സ് വിഭാഗത്തിൽ നിദാ ഫാത്തിമ എസ്., ചിന്മയി എസ്, അൻവിത കൃഷ്ണൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും ഹരിനാരായണൻ വി. പ്രോത്സാഹന സമ്മാനവും നേടി.

സീനിയേഴ്സ് വിഭാഗത്തിൽ ദേവിപ്രിയ വി. ആർ., രേഷ്മ കെ.വി., അഭിജിത്ത് എസ്. ബാബു എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും ആദിത്യനാരായണൻ വി. പ്രോത്സാഹന സമ്മാനവും നേടി. മാസ്റ്റേഴ്സ് വിഭാഗത്തിൽ സുനിത സിറാജ്, രാജീവ് വി., സുധർമ്മ കുമാരി എസ്. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും സുജ കെ. എൽ. പ്രോത്സാഹന സമ്മാനത്തിനുമർഹമായി.

ഒരു കഥ പറയാം സബ് ജൂനിയേഴ്സ് വിഭാഗത്തിൽ വൈദേഹി വി., മുഹമ്മദ് അയാൻ പി., ഹൈഫ അരാഫത്ത് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും മേധ ഇഷാനി പ്രോത്സാഹന സമ്മാനവും നേടി. ജൂനിയേഴ്സ് വിഭാഗത്തിൽ മിന്ന രഞ്ജിത്ത്, ശ്രീഗംഗ എം., ഫിലിപ്പ് സച്ചിൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും ദേവനന്ദ എസ്. തമ്പി പ്രോത്സാഹന സമ്മാനവും നേടി. സീനിയേഴ്സ് വിഭാഗത്തിൽ കരോൾ എബ്രഹാം, അബ്ദുൾ ഹാദി അലി മുബാരക് എ., പ്രവീൺ ജോസഫ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും ജോബി ബേബി പ്രോത്സാഹന സമ്മാനവും നേടി. മാസ്റ്റേഴ്സ് വിഭാഗത്തിൽ വിനീത ഒ. പി., നല്ലശിവം ഗണേഷ് കുമാർ, അരുൺ കുമാർ പി. വി. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും ഡി. സുചിത്രൻ പ്രോത്സാഹന സമ്മാനവും കരസ്ഥമാക്കി.

റീൽസ് മത്സരത്തിൽ അനുജ നായർ, അനീന ആർ എസ്., ബിജി. ജി. ബാബു എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും ജി.വി.എച്ച്.എസ്.എസ്. കൊപ്പം പ്രോത്സാഹന സമ്മാനവും നേടി.

ഹ്രസ്വ ചിത്ര മത്സരത്തിൽ സൂരജ് ദേവ്, ബാലാജി ശർമ്മ, ഡോ. ശ്യാം എം. എസ്. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

വിജയികൾക്കുള്ള സമ്മാനദാനം പുസ്തകോത്സവത്തിന്റെ അഞ്ചാം ദിനമായ ജനുവരി 11ന് ഉച്ചയ്ക്ക് 1 മണിക്ക് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കും.

# അരകവ്യൂഹത്തിന്റെ വാദ്യസമന്വയം ടാഗോർ തിയറ്ററിൽ ജനുവരി 11-ന്

## 16 വാദ്യോപകരണങ്ങൾ, 9 കലാകാരന്മാർ. പ്രവേശനം സൗജന്യം

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ, കേരളത്തിലെ പ്രശസ്ത വാദ്യ ബാൻഡായ 'അരകവ്യൂഹം' ജനുവരി 11 വൈകുന്നേരം 6.30ന് ടാഗോർ തിയേറ്ററിൽ താള- വാദ്യ -ഫ്യൂഷൻ സമന്വയം അവതരിപ്പിക്കും.പതിനാറ് വാദ്യോപകരണങ്ങൾ നവീനമായ രീതിയിൽ സംയോജിപ്പിച്ച് നൂതനമായ സംഗീത സൃഷ്ടികൾ നടത്തുന്ന ബാൻഡാണ് അരകവ്യൂഹം. വ്യത്യസ്ത വാദ്യങ്ങളുടെ ശബ്ദങ്ങളെ അവയുടെ തനിമ നഷ്ടപ്പെടാതെ കോർത്തിണക്കി, ശ്രോതാക്കളെ ഒരു പുതിയ മേളപ്രപഞ്ചത്തിലേക്ക് നയിക്കുന്ന കലാവിരുന്നാണ് ഇവർ ഒരുക്കുന്നത്.

കേരളത്തിന്റെ തനത് കഥകളിസംഗീതവും കർണാടക സംഗീതവും സമന്വയിപ്പിച്ചുകൊണ്ടുള്ള സവിശേഷമായ ഒരു സംഗീത ശൈലി അരകവ്യൂഹം ബാൻഡ് പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിക്കും. കർണാടക സംഗീത വാദ്യങ്ങളായ മൃദംഗം, ഗഞ്ചിറ, മോർസിംഗ് എന്നിവയ്ക്കൊപ്പം താളവാദ്യത്താരിയുടെ (കൊന്നക്കോൽ) അകമ്പടിയുണ്ടാകും. അതോടൊപ്പം കേരളീയ പരമ്പരാഗത വാദ്യങ്ങളായ ചെണ്ട, തിമില, മിഴാവ്, ഇലത്താളം എന്നിവയും ഡ്രംസ്, കഹോൻ, ദർബുക്ക, ഷേക്കേഴ്സ് എന്നീ വിദേശ വാദ്യങ്ങളെയും സമന്വയിപ്പിച്ചുകൊണ്ടുള്ള താള-വാദ്യ ആവിഷ്കാരങ്ങൾ ഈ ബാൻഡിന്റെ സവിശേഷതയാണ്.കേരളത്തിന്റെ സാംസ്കാരിക മുഖമുദ്രയായ കലാമണ്ഡലത്തിൽ നിന്നും വിവിധ വാദ്യോപകരണങ്ങളിൽ പ്രാവീണ്യം നേടിയ പ്രഗൽഭരായ യുവകലാകാരന്മാരാണ് അരകവ്യൂഹം എന്ന വാദ്യബാൻഡിന് പിന്നിൽ. ഈ കലാകാരന്മാരുടെ വ്യത്യസ്തമായ ചിന്തകൾ ഒരുമിക്കുന്ന താള-വാദ്യ സമന്വയത്തിന്റെ സാഫല്യമാണ് അരകവ്യൂഹം. പരിപാടിയിലേക്കുള്ള പ്രവേശനം സൗജന്യമാണ്.

# ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പിന് 20 വരെ അപേക്ഷിക്കാം

2025-26 അധ്യയന വർഷത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കായുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ്, സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതുക്കൽ), ഐ റ്റി സി ഫീ റീഇമ്പേഴ്സ്മെന്റ് സ്കോളർഷിപ്പ്, സിഎ / സിഎംഎ / സി.എസ് സ്കോളർഷിപ്പ്, എ പി ജെ അബ്ദുൾ കലാം സ്കോളർഷിപ്പ്, സിവിൽ സർവീസ് സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, സി എം റിസർച്ച് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് എന്നീ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ജനുവരി 20 വരെയും സ്ഥാപനമേധാവികൾ പ്രസ്തുത അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി 22 വരെയും ദീർഘിപ്പിച്ചു. കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാരും), സിഖ്, ബുദ്ധ, ജൈന, പാഴ്സി മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പുകൾ നൽകുന്നത്.

www.mwdscholarship.kerala.gov.in എന്ന വെബ്സൈറ്റിലെ സ്കോളർഷിപ്പ് മെനു ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471 2300523, 0471 2300524, 0471 2302090.

# താൽപര്യപത്രം ക്ഷണിച്ചു

2025-26 സാമ്പത്തിക വർഷം പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാം ഇൻ ഡാറ്റാ സയൻസ് ആൻഡ് മെഷീൻ ലേണിംഗ് എന്ന ഒരു വർഷത്തെ പരിശീലന പരിപാടിയിലേക്ക് പരിശീലനം നൽകുന്നതിനായി നൈപുണ്യ വികസന പരിശീലന സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു. അവസാന തീയതി ജനുവരി 15ന് വൈകിട്ട് 5. വിശദവിവരങ്ങൾക്ക്: www.stdd.kerala.gov.in.

# നൈട്രോ സൽഫാൻ ലഹരി ഗുളികകളുമായി യുവാവ്; ഓടിച്ചിട്ടുപിടിച്ച് പോലീസ്

കൊച്ചി: നൈട്രോ സൽഫാൻ ഗുളികകളുമായി യുവാവ് പിടിയിൽ. അരൂക്കുറ്റി മത്താനം വളവിന് കിഴക്കുവശം പത്മപ്രഭ വീട്ടിൽ ചന്തു എന്ന് വിളിക്കുന്ന പ്രഭജിത്താണ് അരൂർ പോലീസിൻറെ പിടിയിലായത്. 64 ഓളം ഗുളികകളുമായി അരൂർ പമ്പിൽ നിന്നാണ് ഇയാൾ അറസ്റ്റിലായത്.

രാവിലെ എട്ടോടെ ഒരാൾ പമ്പിലെ ശുചിമുറിയിൽ കയറിയിട്ട് ഇറങ്ങുന്നില്ല എന്ന് അരൂർ പമ്പിൽ നിന്നു പോലീസിന് വിവരം ലഭിക്കുകയായിരുന്നു. ശുചിമുറി തുറന്നപ്പോൾ ഇറങ്ങിയോടിയ പ്രതിയെ ഒരു കിലോമീറ്ററോളം പിന്തുടർന്നാണ് പോലീസ് പിടികൂടിയത്. ദേഹപരിശോധന നടത്തിയപ്പോഴാണ് ബാഗിൽ നിന്നും ഗുളികൾ കണ്ടെത്തിയത്.

അരൂർ, പൂച്ചാക്കൽ സ്റ്റേഷനുകളിൽ വധശ്രമം, മയക്കുമരുന്ന് കച്ചവടം ഉൾപ്പെടെ നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയാണ് പ്രഭജിത്ത്. കാപ്പ പ്രകാരമുള്ള തടവിന് ശേഷം ഒരു മാസം മുമ്പാണ് ഇയാൾ ജയിൽ മോചിതനായത്. പ്രതിയുടെ പക്കൽ നിന്നും കിട്ടിയ ലഹരി മരുന്നിൻറെ ഉറവിടം കണ്ടെത്തുന്നതിനായി എസ്ഐ അബീഷിൻറെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു.

# നിയുക്തി മെഗാ തൊഴിൽമേള

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മേഖല 'നിയുക്തി മെഗാ തൊഴിൽ മേള 2025-26' പാപ്പനംകോട് ശ്രീ ചിത്ര തിരുന്നാൾ കോളേജ് ഓഫ് എൻജിനിയറിങ്ങിൽ ജനുവരി 31ന് നടക്കും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ തൊഴിൽദായകരെയും ഉദ്യോഗാർഥികളെയും പങ്കെടുപ്പിക്കുന്ന തൊഴിൽ മേളയിൽ ഐ ടി, ഹോസ്പിറ്റാലിറ്റി, ഓട്ടോമൊബൈൽ, പാരാമെഡിക്കൽ, മാനേജ്മെന്റ്, ടെക്നിക്കൽ, മാർക്കറ്റിംഗ്, മേഖലകളിലെ തൊഴിൽ ദായകർ പങ്കെടുക്കും. എസ്.എസ്.എൽ.സി, പ്ലസ്ടു, ബിരുദം, ഐ ടി ഐ, ഡിപ്ലോമ, ബി.ടെക്, നഴ്സിംഗ്, പാരാമെഡിക്കൽ, ട്രാവൽ ആൻഡ് ടൂറിസം യോഗ്യതയുള്ളവർക്കായി നിരവധി ഒഴിവുകളുണ്ട്.

https://privatejobs.employment.kerala.gov.in വഴി തൊഴിൽദായകർക്കും, ഉദ്യോഗാർഥികൾക്കും രജിസ്റ്റർ ചെയ്യാം. കൂടുതൽവിവരങ്ങൾക്ക്: 8921916220 (തിരുവനന്തപുരം), 8304852968 (കൊല്ലം), 8304057735 (ആലപ്പുഴ), 9496443878 (പത്തനംതിട്ട).

# ഐപിഎസ് ഓഫീസർ ആനന്ദ് സ്വരൂപ് ആഭ്യന്തര സുരക്ഷാ സ്പെഷൽ സെക്രട്ടറി

ന്യൂഡൽഹി: ഐപിഎസ് ഓഫീസർ ആനന്ദ് സ്വരൂപിനെ ആഭ്യന്തര സുരക്ഷാ സ്പെഷ്യൽ സെക്രട്ടറിയായി നിയമിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷനായ കാബിനറ്റ് അപ്പോയിൻറ്മെൻറ്സ് കമ്മിറ്റിയുടെ ഉത്തരവ്. നിലവിലെ ഉദ്യോഗസ്ഥൻ പ്രവീൺ വസിഷ്ഠയ്ക്ക് പകരമാണ് നിയമനം.

1992 ബാച്ച് ഉത്തർപ്രദേശ് കേഡർ ഐപിഎസ് ഓഫീസറാണ് ആനന്ദ് സ്വരൂപ്. നിലവിൽ ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ (എൻ. എച്ച്. ആർ. സി) ഡയറക്ടർ ജനറൽ (ഇൻവെസ്റ്റിഗേഷൻ) ആയി സേവനമനുഷ്ഠിക്കുന്നു. പുതിയ നിയമനം ചുമതലയേൽക്കുന്ന തീയതി മുതൽ 2029 ഓഗസ്റ്റ് 31 വരെയോ അടുത്ത ഉത്തരവ് വരെയോ തുടരും.

എൻഎച്ച്ആർസി ഡയറക്ടർ ജനറൽ (ഇൻവെസ്റ്റിഗേഷൻ) ആയി 1994 ബാച്ച് ഐപിഎസ് ഓഫീസർ അനുപമ നിലേകർ ചന്ദ്രയെയും നിയമിച്ചിട്ടുണ്ട്. ഇവർ നിലവിൽ സശസ്ത്ര സീമാ ബൽ (എസ്. എസ്. ബി) സ്പെഷ്യൽ ഡയറക്ടർ ജനറലാണ്. ആഭ്യന്തര സുരക്ഷാ വിഭാഗത്തിൻറെ പ്രധാന ചുമതലകൾ കൈകാര്യം ചെയ്യുന്ന ഈ പദവി രാജ്യത്തിൻറെ ആഭ്യന്തര സുരക്ഷാ കാര്യങ്ങളിൽ നിർണായകമാണ്.

# കിറ്റ്സ് : എം ബി എ കെ-മാറ്റ് സൗജന്യ പരിശീലനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) 2026- ലെ എം ബി എ പ്രവേശനത്തിന് വേണ്ടിയുള്ള കെ-മാറ്റ് പ്രവേശന പരീക്ഷക്ക് സൗജന്യ പരിശീലനം നൽകുന്നു. സൗജന്യ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി ഗൂഗിൾ ഫോം (https://forms.gle/fC77HMUGk8xFNVjs7) പൂരിപ്പിക്കുക. വിശദവിവരങ്ങൾക്ക്: 9400787242/9645176828/ 9447297722.

# സമാശ്വാസം പദ്ധതി: രേഖകൾ സമർപ്പിക്കണം

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന സമാശ്വാസം പദ്ധതിയിൽ ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾ തുടർന്നും ധനസഹായം ലഭിക്കുന്നതിനായി ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, മൊബൈൽ നമ്പർ എന്നിവ എല്ലാ വർഷവും ജനുവരി, ജൂൺ മാസങ്ങളിൽ കേരള സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് തപാൽ മുഖേന അയച്ചു നൽകണം. കൂടുതൽവിവരങ്ങൾക്ക്: 1800 120 1001.

# ടി.വി. സുഭാഷ് പി.ആർ.ഡി സെക്രട്ടറി

ടി.വി. സുഭാഷ് ഐ.എ.എസിനെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായി നിയമിച്ച് ഉത്തരവായി. പി.ആർ.ഡി ഡയറക്ടറുടെയും സംസ്ഥാന കാർഷിക സഹകരണ വികസന ബാങ്ക് എം.ഡിയുടെയും പൂർണ അധിക ചുമതലയും നൽകിയിട്ടുണ്ട്.

# ആദ്യം അക്കൗണ്ടിൽ പണം ഇട്ടു, പിന്നെ ഇഎംഐ അടയ്ക്കാനുണ്ടെന്നു യുവാവിനു ഭീഷണി

അമ്പലപ്പുഴ: യുവാവിൻറെ അക്കൗണ്ടിൽ പണം നിക്ഷേപിച്ച ശേഷം നിരവധി ഇഎംഐ അടയ്ക്കാനുണ്ടെന്നും ഉടൻ നൽകണമെന്നും പറഞ്ഞ് ഭീഷണി. പണം അടച്ചുതീർത്തില്ലെങ്കിൽ വാണ്ടഡ് പോസ്റ്റർ പ്രചരിപ്പിക്കുമെന്നും ഭീഷണിപ്പെടുത്തി. അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് തെക്കേമുണ്ടക്കൽ അനൂപിനാണ് അജ്ഞാതരുടെ ഭീഷണി ലഭിച്ചത്. ഈ മാസം രണ്ടിനു യുവാവിൻറെ കനറാ ബാങ്ക് അക്കൗണ്ടിൽ 2100 രൂപ വീതം എത്തിയതായി കാണിച്ചു മൂന്നു മെസേജുകൾ ഫോണിൽ വന്നു.

അക്കൗണ്ട് പരിശോധിച്ച അനൂപ് തനിക്ക് ഇങ്ങനെ പണം ലഭിക്കേണ്ട സാഹചര്യമില്ലെന്നു മനസിലാക്കിയതിനെത്തുടർന്ന് ബാങ്കിലും അമ്പലപ്പുഴ പോലീസിലും പരാതി നൽകി. പഞ്ചാബ്, ചണ്ഡിഗഡ് എന്നിവിടങ്ങളിൽ നിന്നാണ് പണം അക്കൗണ്ടിൽ വന്നതെന്നു പരിശോധനയിൽ വ്യക്തമായി. കഴിഞ്ഞ ദിവസം യുവാവിൻറെ വാട്സ് ആപ്പിലും തുടർന്ന് ഫോൺ ചെയ്തും നിരവധി ഇഎംഐയുടെ പണം അടയ്ക്കാനുണ്ടെന്നും പണമടച്ചില്ലെങ്കിൽ അനൂപിൻറെ ചിത്രം വച്ചു തയാറാക്കിയ വാണ്ടഡ് എന്ന പോസ്റ്റർ പ്രചരിപ്പിക്കുമെന്നും ഭീഷണിപ്പെടുത്തി. പിന്നാലെ ഈ ചിത്രവും അയച്ചു നൽകി. പോലീസ് തയാറാക്കുന്ന തരത്തിലാണ് വാണ്ടഡ് പോസ്റ്റർ തയാറാക്കിയത്.

പണമടച്ചില്ലെങ്കിൽ ഇതു നിരവധി പേർക്കും ഗ്രൂപ്പുകളിലും അയച്ചു നൽകുമെന്നും ഭീഷണിപ്പെടുത്തി. അനൂപ് ഇതു സംബന്ധിച്ച് വീണ്ടും അമ്പലപ്പുഴ പോലീസിൽ പരാതി നൽകിയിരിക്കുകയാണ്.

# താത്പര്യപത്രം

കൊല്ലം ശ്രീ നാരായണ ഗുരു സാംസ്കാരിക സമുച്ചയം, പാലക്കാട് വി. ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം എന്നിവയുടെ കാര്യക്ഷമമായ നടത്തിപ്പിനായി മാനേജ്മെന്റ് വൈദഗ്ധ്യവും ഉയർന്ന കാര്യശേഷിയും സാംസ്കാരിക സമുച്ചയങ്ങളുടെ സ്ഥാപനങ്ങളുടെ മേൽനോട്ടം നിർവഹിച്ച് മുൻപരിചയവുമുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്ന് താത്പര്യപത്രം ക്ഷണിച്ചു. അപേക്ഷകൾ ഡയറക്ടർ, സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം, അനന്തവിലാസം കൊട്ടാരം, തെക്കേനട, ഫോർട്ട് പി. ഒ., തിരുവനന്തപുരം 23 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0471 2478193. വെബ്സൈറ്റ്: www.culturedirectorate.kerala.gov.in.

# സ്നേഹപൂർവം പദ്ധതി: 15 വരെ അപേക്ഷ അപ്‌ലോഡ്ചെയ്യാം

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞതും നിർദ്ധനരായവരുമായ കുടുംബങ്ങളിലെ സർക്കാർ / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദം / പ്രൊഫഷണൽ ബിരുദം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ ധനസഹായ പദ്ധതിയായ സ്നേഹപൂർവ്വം പദ്ധതി 2025-26 അദ്ധ്യയന വർഷത്തെ അപേക്ഷ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവി മുഖേന ഓൺലൈൻ ആയി അപ്‌ലോഡ് ചെയ്യേണ്ട തീയതി ജനുവരി 15 വരെ നീട്ടി. കൂടുതൽ വിവരങ്ങൾക്ക്: http://kssm.ikm.in.

# ഭാര്യയെയും മക്കളെയും കൊലപ്പെടുത്തി യുവാവ് ജീവനൊടുക്കി

അമൃത്സർ: പഞ്ചാബിലെ ഫെറോസ്പൂർ ജില്ലയിൽ ഒരു കുടുംബത്തിലെ നാലു പേരെ മരിച്ച നിലയിൽ കണ്ടെത്തി.

സലൂൺ ഉടമയായ അമൻദീപ് സിംഗ് (42), ഭാര്യ ജസ്‌വീർ കൗർ (40), മക്കളായ മൻവീർ കൗർ (10), പർമീത് കൗർ (ആറ്) എന്നിവരെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്.

ജസ്‌വീറിനെയും മക്കളെയും വെടിവച്ചു കൊലപ്പെടുത്തിയ ശേഷം അമൻദീപ് ജീവനൊടുക്കുകയായിരുന്നു. കൊലചെയ്യാനായി ഉപയോഗിച്ച തോക്ക് സംഭവസ്ഥലത്തു നിന്ന് പോലീസ് കണ്ടെടുത്തു.

അയൽവാസികൾ ചേർന്ന് വാതിൽ പൊളിച്ച് വീടിനുള്ളിൽ പ്രവേശിച്ചപ്പോളാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. ഉടൻ തന്നെ വിവരം പോലീസിൽ അറിയിച്ചു.

സംഭവത്തിന് പിന്നിലെ കാരണം അന്വേഷിച്ചു വരികയാണെന്നും ഫോറൻസിക്ക് ഉദ്യോഗസ്ഥർ സംഭവസ്ഥലത്ത് നിന്ന് തെളിവുകൾ ശേഖരിച്ചു കൊണ്ടിരിക്കുകയാണെന്നും പോലീസ് പറഞ്ഞു.

മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി ഫിറോസ്പൂരിയിലെ ആശുപത്രിയിലേക്ക് അയച്ചു. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചു വരികയാണെന്നും അയൽവാസികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടെന്നും പോലീസ് പറഞ്ഞു.

# അസാപ് കേരളയിൽ ജൂനിയർ എക്സിക്യൂട്ടീവ് ഒഴിവ്

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അസാപ് കേരളയിൽ ഫണ്ടിംഗ് വിഭാഗത്തിൽ ജൂനിയർ എക്സിക്യൂട്ടീവ് തസ്തികയിലേക്ക് ഇന്റേൺഷിപ്പിനു അവസരം. ബിരുദമാണ് അടിസ്ഥാന യോഗ്യത. ഓഫീസ് അഡ്മിനിസ്ട്രേഷൻ, എൻ.ജി.ഒ, സി.എസ്.ആർ പ്രോജക്റ്റുകൾ എന്നിവയിൽ കുറഞ്ഞത് 6 മാസത്തെ പ്രവൃത്തിപരിചയം അഭികാമ്യം. ഉദ്യോഗാർഥികൾക്ക് മികച്ച കമ്മ്യൂണിക്കേഷൻ സ്കില്ലും എം.എസ് ഓഫീസ് കൈകാര്യം ചെയ്യാനുള്ള അറിവും ഉണ്ടായിരിക്കണം. എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. താൽപര്യമുള്ളവർക് (https://sl1nk.com/fundingasap) എന്ന ലിങ്ക് വഴി അപേക്ഷിക്കാം. അവസാന തീയതി ജനുവരി 15.

# മദ്യലഹരിയിൽ വാഹനാപകടം; മധ്യപ്രദേശ് മുൻ ആഭ്യന്തര മന്ത്രിയുടെ മകൾ ഉൾപ്പടെ മൂന്നുപേർ മരിച്ചു

ഭോപ്പാൽ: മധ്യപ്രദേശിലുണ്ടായ വാഹനാപകടത്തിൽ മുൻആഭ്യന്തര മന്ത്രിയുടെ മകൾ ഉൾപ്പടെ മൂന്നുപേർ മരിച്ചു. വെള്ളിയാഴ്ച പുലർച്ചെയാണ് സംഭവം.

മുൻ ആഭ്യന്തരമന്ത്രി ബാല ബച്ചൻറെ മകൾ പ്രേർണ ബച്ചൻ, കോൺഗ്രസ് സംസ്ഥാന വക്താവ് ആനന്ദ് കസ്‌ലിവാളിൻറെ മകൻ പ്രഖർ കസ്‌ലിവാൾ, മന സന്ധു എന്നിവരാണ് മരിച്ചത്. കാറിലുണ്ടായിരുന്ന അനുഷ്ക രതി ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ ചികിത്സയിലാണ്.

ഇൻഡോറിലെ റാലമണ്ഡൽ പ്രദേശത്ത് പുലർച്ചെ 5.15 ഓടെയാണ് അപകടം നടന്നത്. അമിതവേഗതയിലെത്തിയ കാർ ട്രക്കിൽ ഇടിച്ചുകയറുകയായിരുന്നു. വാഹനം ഓടിച്ചിരുന്നയാൾ മദ്യപിച്ചിരുന്നുവെന്ന് പോലീസ് പറഞ്ഞു.

പ്രഖർ കസ്‌ലിവാളിൻറെ ജന്മദിനം ആഘോഷിച്ചതിന് ശേഷം ഇൻഡോറിലേക്ക് മടങ്ങുകയായിരുന്നു സംഘം. പ്രഖർ ആണ് വാഹനം ഓടിച്ചിരുന്നത്. അമിതവേഗതയിലായിരുന്ന കാർ നിയന്ത്രണം നഷ്ടപ്പെട്ട് ട്രക്കിലേക്ക് ഇടിച്ചുകയറുകയായിരുന്നു.

അപകടസമയം 100 കിലോമീറ്റർ വേഗതയിലായിരുന്നു കാറെന്നും വാഹനത്തിൽ നിന്നും മദ്യക്കുപ്പികൾ കണ്ടെടുത്തുവെന്നും ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ഡിസിപി) കൃഷ്ണലാൽ ചാന്ദാനി പറഞ്ഞു.

# ബിഹാറിൽ മന്ത്രവാദം ആരോപിച്ച് യുവതിയെ മർദിച്ചു കൊന്നു

പാറ്റ്ന: ബിഹാറിൽ മന്ത്രവാദം ആരോപിച്ച് യുവതിയെ ക്രൂരമായി മർദിച്ചുകൊന്നു. രണ്ട് സ്ത്രീകൾക്ക് പരിക്കേറ്റു. നവാഡ ജില്ലയിലാണ് സംഭവം.

കിരൺ ദേവി(35)ആണ് കൊല്ലപ്പെട്ടത്. അയൽവാസിയുടെ കുട്ടിക്ക് തലച്ചോറിൽ അസുഖം ബാധിച്ചത് കിരൺ കാരണമാണെന്നും ഇവർ മന്ത്രവാദം നടത്തിയെന്നും ആരോപിച്ചായിരുന്നു കൊലപാതകം.

അയൽവാസികളായ മുകേഷ് ചൗധരി, മഹേന്ദ്ര ചൗധരി, നടു ചൗധരി, ശോഭ ദേവി എന്നിവർ കിരൺ ദേവിയെ ഇഷ്ടിക, കല്ല്, ഇരുമ്പ് ദണ്ഡ് എന്നിവ ഉപയോഗിച്ച് ക്രൂരമായി ആക്രമിക്കുകയായിരുന്നു. കിരണിൻറെ ഭർതൃ സഹോദരന്മാരുടെ ഭാര്യമാരായ ലളിത ദേവിക്കും മറ്റൊരു സ്ത്രീക്കും പരിക്കേറ്റു.

ഗുരുതരമായി പരിക്കേറ്റ മൂന്നുപേരെയും ആശുപത്രിയിലെത്തിച്ചുവെങ്കിലും യാത്രാമധ്യേ കിരൺ മരിച്ചു. സംഭവത്തിൽ പോലീസ് മൂന്നുപേരെ കസ്റ്റഡിയിലെടുത്തു.

പോസ്റ്റ്മോർട്ടത്തിനു ശേഷം മൃതദേഹം കുടുംബത്തിന് വിട്ടുകൊടുത്തു. കിരൺദേവിക്ക് നാല് മക്കളുണ്ട്.

# സ്കോൾ-കേരള തിരിച്ചറിയൽ കാർഡ് ഡൗൺലോഡ് ചെയ്യണം

സ്കോൾ-കേരള മുഖേനയുള്ള വൊക്കേഷണൽ അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ 2025-27 ബാച്ചിലേക്ക് ഒന്നാം വർഷം ഓൺലൈനായി അപേക്ഷിച്ച് രേഖകൾ സമർപ്പിച്ച വിദ്യാർത്ഥികൾ അവരവർക്ക് അനുവദിച്ചിട്ടുള്ള യൂസർനെയിം, പാസ്‌വേർഡ് ഉപയോഗിച്ച് www.scolekerala.org ൽ നിന്നും തിരിച്ചറിയൽ കാർഡ് ഡൗൺ ലോഡ് ചെയ്ത് അനുവദിച്ചിട്ടുള്ള പഠന കേന്ദ്രത്തിൽ ഹാജരാക്കി ഓഫീസ് സീൽ പതിപ്പിച്ച് സമ്പർക്ക ക്ലാസ്സിൽ പങ്കെടുക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

# മോട്ടോർ റാലിയോടെ ടെക് എ ബ്രേക്കിന് ടെക്നോപാർക്കിൽ ഔദ്യോഗിക തുടക്കം

തിരുവനന്തപുരം: അഞ്ച് വർഷത്തെ ഇടവേളയ്ക്കു ശേഷം ടെക്നോപാർക്കിൻറെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയായ 'ടെക് എ ബ്രേക്ക്' വീണ്ടും സജീവമാകുന്നു. ഇതിൻറെ ഭാഗമായി ടെക്നോപാർക്ക് ഫേസ് വൺ ക്യാമ്പസിൽ നടന്ന മോട്ടോർ റാലിയിൽ ബൈക്കുകൾ, കാറുകൾ, ജീപ്പുകൾ, എന്നിവയുൾപ്പെടെയുള്ള നൂറിലധികം വാഹനങ്ങൾ അണിനിരന്ന റാലി നടന്നു.

'എറർ 404-ക്രിയേറ്റിവിറ്റി ഫൗണ്ട്' എന്നതാണ് ടെക് എ ബ്രേക്ക് 2025 ൻറെ പ്രമേയം. ഐടി പ്രൊഫഷണലുകൾക്ക് തങ്ങളുടെ സർഗ്ഗാത്മക കഴിവുകൾ മത്സരങ്ങളിലൂടെയും കലാപ്രകടനങ്ങളിലൂടെയും അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നതാണ് പരിപാടി.

മോട്ടോർ റാലിക്ക് ശേഷം ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ജിടെക് സെക്രട്ടറിയും ടാറ്റാ എൽക്സി സെൻറർ ഹെഡുമായ ശ്രീകുമാർ വി, എആർഎസ് ട്രാഫിക് ആൻഡ് ടെക്നോളജീസ് എംഡി മനീഷ് വിഎസ്, എക്സ്പീരിയൻ സിഇഒ ബിനു ജേക്കബ്, വേ ഡോട്ട് കോം വൈസ് പ്രസിഡൻറ് പി ബാലഗോപാൽ കെഎസ്, ഡെപ്യൂട്ടി വൈസ് പ്രസിഡൻറ് (മാർക്കറ്റിംഗ് ആൻഡ് കസ്റ്റമർ റിലേഷൻഷിപ്പ്) വസന്ത് വരദ, അസിസ്റ്റൻറ് വൈസ് പ്രസിഡൻറ് (അഡ്മിനിസ്ട്രേഷൻ ആൻഡ് ഇൻഡസ്ട്രിയൽ റിലേഷൻസ്) അഭിലാഷ് ഡി എസ്, ടെക്നോപാർക്ക്, നടാന, ജിടെക് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളും വോളൻറിയർമാരും ഐടി പ്രൊഫഷണലുകളും ചടങ്ങിൽ പങ്കെടുത്തു.

കേരളത്തിലെ ഐടി കമ്പനികളുടെ കലാ-സാംസ്കാരിക-കായിക-ഐടി ക്ലബ്ബായ നടാന, ജിടെക്, ടെക്നോപാർക്ക് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് 'ടെക് എ ബ്രേക്ക് 2025' സംഘടിപ്പിക്കുന്നത്.

ഒരു ഇടവേളയ്ക്ക് ശേഷം 'ടെക് എ ബ്രേക്ക്' വീണ്ടും തുടങ്ങുന്നത് ഐടി സമൂഹത്തിൻറെ സർഗ്ഗാത്മകതയ്ക്ക് പുത്തനുണർവ് പകരുമെന്ന് ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) പറഞ്ഞു.

ടെക്കികളുടെ ബൗദ്ധികവും സർഗ്ഗാത്മവുമായ കഴിവുകൾ വളർത്തിയെടുക്കുകയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നതെന്നും തിരക്കേറിയ ജോലി ഷെഡ്യൂളിൽ നിന്ന് വിശ്രമവും വിനോദവും ഇതിലൂടെ ലഭ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടെക്നോപാർക്കിൻറെ യുവജനോത്സവം എന്നറിയപ്പെടുന്ന ടെക് എ ബ്രേക്ക് ആനന്ദത്തിൻറെയും ആഘോഷത്തിൻറെയും ഉത്സവമാണെന്ന് ജിടെക് സെക്രട്ടറി ശ്രീകുമാർ വി പറഞ്ഞു.

ഫേസ് വൺ ക്യാമ്പസിലെ ക്ലബ് ഹൗസ് ഏരിയയിൽ നിന്ന് ഫ്ളാഗ് ഓഫ് ചെയ്ത മോട്ടോർ റാലിയിൽ ബൈക്കുകളിലും കാറുകളിലുമായി സ്റ്റണ്ടുകൾ അടക്കമുള്ള പ്രകടനങ്ങൾ അരങ്ങേറി.

ദി റോയൽസ്, 4 ബൈ 4 ഡേയ്സ്, ഗിയർ മെഷീൻ, കാർട്രോണിക്സ്, ട്രാവൻകൂർ റോയൽ എൻഫീൽഡ് ക്ലബ്ബ് എന്നീ ടീമുകൾ റാലിയിൽ പങ്കെടുത്തു.

ക്യാമ്പസിന് ചുറ്റുമായി നടന്ന റാലിയിൽ വാഹന പ്രേമികൾ അഭ്യാസ പ്രകടനങ്ങൾ നടത്തുകയും രൂപമാറ്റങ്ങൾ വരുത്തിയ വാഹനങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. തേജസ്വിനി കെട്ടിടത്തിന് മുന്നിൽ റാലി സമാപിച്ചു.

ഹാക്കത്തോൺ, ക്വിസ്, പെയിൻറിംഗ്, ടെക് പ്രേമികൾക്കുള്ള സൈബർ സെക്യൂരിറ്റി മത്സരമായ ക്യാപ്ചർ ദി ഫ്ളാഗ്, ട്രഷർ ഹണ്ട്, ഷോർട്ട് ഫിലിം, കോമഡി സ്കിറ്റ്, മ്യൂസിക് ബാൻഡ്, ഫാഷൻ ഷോ, ഡാൻസ് തുടങ്ങി നിരവധി പരിപാടികളും മത്സരങ്ങളും 'ടെക് എ ബ്രേക്ക് 2025' ൻറെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. ടെക്നോപാർക്കിലെ വിവിധ കമ്പനികളിലെ ജീവനക്കാർക്ക് മത്സരങ്ങളിൽ പങ്കെടുക്കാനും ഒരുമിച്ച് കൂടാനുമുള്ള വേദി കൂടിയാണിത്.

രജിസ്ട്രേഷൻ ആരംഭിച്ചു. വിശദാംശങ്ങൾക്ക് https://techabreak.natana.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാം.2026 ഫെബ്രുവരി 6 ന് വിവിധ കമ്പനികളുടെ ടീമുകൾ അണിനിരക്കുന്ന ഗ്രാൻഡ് ടാബ് ഘോഷയാത്രയോടെ ഗ്രാൻഡ് ഫിനാലെയ്ക്കൊപ്പം 'ടെക് എ ബ്രേക്ക് 2025' സമാപിക്കും.



ടെക്നോപാർക്ക് ഫേസ് വൺ ക്യാമ്പസിൽ നടന്ന ടെക് എ ബ്രേക്കിൻറെ ഔദ്യോഗിക ഉദ്ഘാടന ചടങ്ങിൽ ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) നടാനയിലെ സംഘാംഗങ്ങൾക്കൊപ്പം.

## പഞ്ചാബിൽ യുവാവിനെ കൊന്ന് മൃതദേഹം കഷണങ്ങളാക്കി, പതികൾ പിടിയിൽ

അമൃതസർ: പഞ്ചാബിൽ യുവാവിനെ കൊലപ്പെടുത്തി മൃതദേഹം കഷണങ്ങളാക്കി ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. ജലന്ധർ ബൈപ്പാസിനടുത്ത് ആളൊഴിഞ്ഞ സ്ഥലത്തിന് സമീപത്തുനിന്നാണ് മൃതദേഹ ഭാഗങ്ങൾ കണ്ടെത്തിയത്. മുംബൈയിൽ ഡിജിറ്റൽ പ്രിൻറിംഗ് ജോലി ചെയ്യുന്ന ദേവീന്ദർ (30) ആണ് കൊല്ലപ്പെട്ടത്. ദേവിന്ദറിൻറെ വീടിന് മൂന്ന് കിലോമീറ്റർ അകലെ നിന്നുമാണ് മൃതദേഹം കണ്ടെത്തിയത്. സംഭവത്തിൽ സുഹൃത്ത് ഷംഷേർ സിംഗ് ഷേരയെയും ഭാര്യയെയും പോലീസ് അറസ്റ്റ് ചെയ്തു. ജനുവരി ആറിന് ഒരു സുഹൃത്തിനെ കാണാനെന്ന് പറഞ്ഞ് വീട്ടിൽ നിന്നിറങ്ങിയ ദേവീന്ദറിനെ കാണാതാവുകയായിരുന്നു.

തുടർന്ന് കുടുംബം പോലീസിൽ പരാതി നൽകി. അന്വേഷണത്തിനിടെ ദേവിന്ദറിൻറെ തല ഒരു ഡ്രമ്മിൽ ഒളിപ്പിച്ച നിലയിൽ കണ്ടെത്തി. തുടരന്വേഷണത്തിൽ മൃതദേഹത്തിൻറെ അഞ്ച് ഭാഗങ്ങൾ ആളൊഴിഞ്ഞ സ്ഥലത്ത് ഉപേക്ഷിച്ച നിലയിലും ലഭിച്ചു. ഷംഷേറും ഭാര്യയും ഡ്രമ്മുമായി സ്കൂട്ടറിൽ പോകുന്നതിൻറെ സിസിടിവി ദൃശ്യങ്ങൾ പോലീസിന് ലഭിച്ചിട്ടുണ്ട്. ഷംഷേറിനും ദേവീന്ദറിനും മയക്ക് മരുന്ന് വിൽപനയുണ്ടെന്നും പണത്തിൻറെ പേരിൽ ഇരുവരും തമ്മിൽ പ്രശ്നങ്ങളുണ്ടായിരുന്നുവെന്നും പോലീസ് അറിയിച്ചു. ദേവീന്ദറിന് ഭാര്യയും ഏഴ് മാസം പ്രായമുള്ള മകളുമുണ്ട്.

## വീണ്ടും പാക്കിസ്ഥാനിലേക്കു നേരിട്ടു വിമാനം പറത്താൻ ബംഗ്ലാദേശ്

ധാക്ക: 14 വർഷങ്ങളുടെ കാത്തിരിപ്പിനു വിരാമം കുറിച്ച്, പരസ്പരം നേരിട്ടു വിമാന സർവീസിന് ഒരുങ്ങി ബംഗ്ലാദേശും പാകിസ്ഥാനും. ബംഗ്ലാദേശിൽനിന്നു പാകിസ്ഥാനിലേക്കു നേരിട്ടുള്ള വിമാനങ്ങൾ പറത്താൻ തീരുമാനിച്ചതായി ധാക്ക നാഷണൽ എയർലൈൻ വ്യാഴാഴ്ച അറിയിച്ചു. 2026 ജനുവരി 29ന് ധാക്കയിൽനിന്നു കറാച്ചിയിലേക്കു ബിമാൻ ബംഗ്ലാദേശ് എയർലൈൻ ആദ്യത്തെ വിമാനം പറത്തും. ആഴ്ചയിൽ രണ്ട് പ്രാവശ്യമായിരിക്കും ഈ സർവീസ്. 2012ൽ ആരംഭിച്ചതും പിന്നീട് നിലച്ചതുമായ സർവീസാണ് പുനരാരംഭിക്കുന്നത്.

ഇന്ത്യയിൽനിന്നു 1500 കിലോമീറ്റർ അകലെയുള്ള പാകിസ്ഥാനും ബംഗ്ലാദേശും ഒറ്റ രാജ്യമായിരുന്നു. 1971ലെ ആഭ്യന്തര യുദ്ധത്തെത്തുടർന്നാണ് ഇരു രാജ്യങ്ങളും പിരിഞ്ഞത്. അതിനു ശേഷം പരസ്പര സഹകരണമില്ലാതെയാണ് മുന്നോട്ടുപോയിരുന്നത്. ഇടയ്ക്കു ചില മേഖലകളിൽ സഹകരിച്ചെങ്കിലും ബന്ധം വഷളാകുമ്പോൾ അത് അവസാനിക്കുന്നതായിരുന്നു രീതി. എന്നാൽ, പുതിയ ഭരണകൂടം വന്നതോടെ പാക്കിസ്ഥാനുമായി അടുക്കുകയും ഇന്ത്യയുമായി അകലുകയുമാണ് ബംഗ്ലാദേശ്.

# ടെക്നോപാർക്ക് സിഇഒ സ്ഥാനമൊഴിഞ്ഞു സ്ഥാനമൊഴിയുന്നത് ഐടി മേഖലയുടെ വികസനത്തിനായി ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ചയാൾ

തിരുവനന്തപുരം: സംസ്ഥാനത്തിൻറെ ഐടി മേഖലയിലെ പൊൻതൂവലുകളിലൊന്നായ ടെക്നോപാർക്കിന് ചുക്കാൻ പിടിച്ചിരുന്ന സിഇഒ കേണൽ സഞ്ജീവ് നായർ(റിട്ട.) സ്ഥാനമൊഴിഞ്ഞു. രാജ്യത്തെ ഏറ്റവും വലിയ ഐടി പാർക്കുകളിൽ ഒന്നും 35 വർഷത്തിലേറെ പാരമ്പര്യമുള്ളതുമായ ടെക്നോപാർക്കിലെ മൂന്ന് വർഷത്തെ സ്തുത്യർഹ സേവനത്തിന് ശേഷമാണ് സ്ഥാനമൊഴിയൽ.

ലോകത്തിലെ ഏറ്റവും ഹരിതാഭമാർന്ന ഐടി പാർക്കായ ടെക്നോപാർക്കിനെ ഘടനാപരമായി ശക്തിപ്പെടുത്തിയതിനൊപ്പം അടുത്ത ഘട്ട വളർച്ചയ്ക്കുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടാണ് അദ്ദേഹം പടിയിറങ്ങുന്നത്. ക്വാഡ്, കേരള സ്പേസ് പാർക്ക്, എമേർജിംഗ് ടെക് ഹബ്, കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് ആരംഭിച്ച കേരള ഡിഫൻസ് ഇന്നൊവേഷൻ സോൺ (കെ-ഡിഐഇഎസ്), ഗ്ലോബൽ കാപ്പബിലിറ്റി സെൻററുകൾ (ജിസിസി) തുടങ്ങിയ പുത്തൻ സംരംഭങ്ങളിലെല്ലാം അദ്ദേഹത്തിൻറെ കൈയ്യൊപ്പ് പതിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ മൂന്നു വർഷമായി ടെക്നോപാർക്കിൻറെ വിവിധ മേഖലകളിലെ വളർച്ച നിസ്തുല്യമാണ്. 80,000 പ്രൊഫഷണലുകളെ ഉൾക്കൊള്ളുന്ന 500 കമ്പനികളിലേക്ക് ടെക്നോപാർക്ക് വികസിച്ചു. സോഫ്റ്റ്വെയർ കയറ്റുമതി 14,575 കോടിയായി വർദ്ധിച്ചതും ശ്രദ്ധേയം. തുടർച്ചയായ നാലാം വർഷവും ക്രിസിൽ എ പ്ലസ് (സ്ഥിരത) റേറ്റിംഗ് നിലനിർത്താൻ ടെക്നോപാർക്കിന് സാധിച്ചത് മറ്റൊരു നേട്ടം.

ആക്സഞ്ചർ, എച്ച്സിഎൽ, ആർച്ച് ക്യാപിറ്റൽ ഗ്രൂപ്പ്, ഇക്വിഫാക്സ്, വിസ്റ്റിയോൺ, നിസ്സാൻ ഡിജിറ്റൽ, അലിയാൻസ്, സഫിൻ, കാരസ്റ്റാക്ക്, ഗൈഡ്ഹൗസ്, അർമാഡ, നെസ്റ്റ് ഡിജിറ്റൽ, എക്സ്പീരിയോൺ ടെക്നോളജീസ് എന്നിവയുൾപ്പെടെ നിരവധി ആഗോള സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുകയോ വിപുലീകരിക്കുകയോ ചെയ്തതിലൂടെ സ്ഥിരമായ വിപണി മുന്നേറ്റത്തിന് ടെക്നോപാർക്ക് സാക്ഷ്യം വഹിച്ചു.

അൽ മർസൂക്കി, ഹൈലൈറ്റ് ഗ്രൂപ്പ്, ഗ്രിറ്റ്സ്റ്റോൺ ടെക്നോളജീസ് എന്നിവയുമായി താല്കാലിക കരാറിൽ ഏർപ്പെട്ടതും ഊർജ്ജ കാര്യക്ഷമത, വാട്ടർ മാനേജ്മെൻറ്, സൗരോർജ്ജം, ഇവി ചാർജിംഗ്, കമ്മ്യൂണിറ്റി ഇടപെടൽ എന്നിവയിലുടനീളം നടപ്പിലാക്കിയ സ്മാർട്ട് സംരംഭങ്ങളും പ്രത്യേകം ചൂണ്ടിക്കാട്ടാനാകും. ആഗോള ജിസിസി ലക്ഷ്യസ്ഥാനമെന്ന നിലയിൽ തിരുവനന്തപുരത്തിൻറെ സാധ്യത തിരിച്ചറിയപ്പെടാനും അദ്ദേഹത്തിൻറെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ സഹായകമായി.



ഭരണത്തിലും നയപരമായ കാര്യങ്ങളിലും ഗുണകരമായ വിവിധ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ കേണൽ സഞ്ജീവ് നായർക്ക് (റിട്ട.) കഴിഞ്ഞു. ടെക്നോപാർക്ക് ഫേസ്-4(ടെക്നോസിറ്റി) വിപുലീകരണത്തിനു സമഗ്ര മാസ്റ്റർപ്ലാൻ പുറത്തിറക്കുന്നതിലും അദ്ദേഹത്തിൻറെ ദീർഘവീക്ഷണമുണ്ട്. 390 ഏക്കർ വിസ്തൃതിയുള്ള ഫേസ്-4 നെ സംസ്ഥാനത്ത് വരാനിരിക്കുന്ന പ്രധാന ഐടി ഡെസ്റ്റിനേഷൻ എന്ന വിധത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഐടി ഗ്ലോബൽ കാപ്പബിലിറ്റി സെൻററുകൾ, റിസർച്ച് ആൻറ് ഡവലപ്മെൻറ്, ഉയർന്നു വരുന്ന പുത്തൻ സാങ്കേതികവിദ്യകളേയും സ്പെഷ്യലൈസ്ഡ് മേഖലകളേയും ഉൾക്കൊള്ളാനാകുന്ന അടിസ്ഥാന സൗകര്യങ്ങളുള്ള ആവാസവ്യവസ്ഥ സൃഷ്ടിക്കുക തുടങ്ങിയവ മാസ്റ്റർ പ്ലാനിൻറെ ഭാഗമാണ്.

ഇതിൻറെ ഭാഗമായി എംഎസ്എംഇ ടെക്നോളജി സെൻറർ, ഡിജിറ്റൽ സയൻസ് പാർക്ക്, എമർജിംഗ് ടെക് ഹബ് (കെഎസ്യുഎം), കേരള സ്പേസ് പാർക്ക്, സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറി, ജിസിസി/ഐടി ക്ലസ്റ്റർ, പ്രത്യേക ടെക്നോളജി മേഖലകളായ എഐ, അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ്, സെമികണ്ടക്ടറുകൾ, സൈബർ സുരക്ഷ, സ്പേസ് ആൻറ് ഡിഫൻസ് ടെക്നോളജി, യൂണിറ്റി മാൾ എന്നിവയ്ക്കായുള്ള തന്ത്രപ്രധാന മേഖലകൾ ടെക്നോസിറ്റിയിൽ തരംതിരിച്ചു കഴിഞ്ഞിട്ടുണ്ട്.

ടെക്നോപാർക്കിൻറെ എല്ലാ ഫേസുകളിലും അടിസ്ഥാന സൗകര്യവികസനങ്ങൾ നടത്തി. 50,000 സ്ക്വയർ ഫീറ്റിൽ പ്ലഗ്-ആൻഡ്-പ്ലേ സൗകര്യമുള്ള ചാലിയാർ ജിസിസി ആങ്കർ ഹബ്ബിൻറെ നിർമ്മാണം നടന്നു വരുന്നു. അതോടൊപ്പം കല്ലായി ഫേസ് വണ്ണിൽ ഐടി കെട്ടിടം പൂർത്തിയായി വരുന്നു. വേൾഡ് ട്രേഡ് സെൻറർ നിർമ്മാണത്തിനായി ബ്രിഗേഡ് ഗ്രൂപ്പുമായും ഫേസ് വണ്ണിൽ മറ്റൊരു ഐടി കെട്ടിടത്തിനായി കാസ്പിയൻ ടെക്പാർക്ക്സുമായും ധാരണാപത്രം ഒപ്പുവച്ചു.

നയാഗ്ര കെട്ടിടത്തിൻറെ കമ്മീഷനോടു കൂടി ഫേസ് 3 യിൽ എംബസി ടോറസ്-ഡൗണ്ടൗൺ ട്രിവാൻഡ്രം അടുത്ത ഘട്ടത്തിലേക്ക് കടന്നിട്ടുണ്ട്. ടെക്നോസിറ്റിയിൽ ടിസിഎസിൻറെ 5 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഐടി/ഐടി ഇതര കാമ്പസ് ഈ മാസം പൂർത്തിയാകും. ക്വാഡ് പ്രോജക്ടിലെ ആദ്യ കെട്ടിടത്തിൻറെയും യൂണിറ്റി മാളിൻറേയും നിർമ്മാണം ഉടൻ തുടങ്ങും.

## ഇഡി റെയ്ഡിനെതിരെ അമിത് ഷായുടെ ഓഫീസിനു മുന്നിൽ പ്രതിഷേധം; മഹുവ മൊയ്ത്രയും ഡെറക് ഒബ്രയനും കസ്റ്റഡിയിൽ

ന്യൂഡൽഹി: കോൽക്കത്തയിലെ ഇഡി റെയ്ഡുകളെത്തുടർന്നു കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ ഓഫീസിന് മുന്നിൽ ടിഎംസി (തൃണമൂൽ കോൺഗ്രസ്) എംപിമാർ നടത്തിയ പ്രതിഷേധത്തിൽ ഡെറക് ഒബ്രയൻ, മഹുവ മൊയ്ത്ര തുടങ്ങിയവരെ ഡൽഹി പോലീസ് കസ്റ്റഡിയിലെടുത്തു. വെള്ളിയാഴ്ച രാവിലെ എട്ടു ടിഎംസി എംപിമാരാണ് അമിത് ഷായുടെ ഔദ്യോഗിക വസതിക്കു സമീപം പ്രതിഷേധം ആരംഭിച്ചത്.

'ബംഗാളിൽ മോദി-ഷാ വൃത്തികെട്ട രാഷ്ട്രീയം കളിക്കുന്നു എന്നുള്ള പ്ലക്കാർഡുകളുമായാണ് എംപിമാർ ധർണയിരുന്നത്. പ്രതിഷേധം ശക്തമായതോടെ പോലീസ് ഇടപെട്ട് മഹുവ മൊയ്ത്രയെയും ഡെറക് ഒബ്രയനെയും ഉൾപ്പെടെ പോലീസ് വാഹനത്തിലേക്ക് ബലം പ്രയോഗിച്ച് നീക്കി.

കഴിഞ്ഞ ദിവസം കൊൽക്കത്തയിൽ ടിഎംസിയുടെ തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ കൈകാര്യം ചെയ്യുന്ന ഐ-പാക് (ഇന്ത്യൻ പൊളിറ്റിക്കൽ ആക്ഷൻ കമ്മിറ്റി) ഓഫീസിലും സ്ഥാപകൻ പ്രതീക് ജെയിൻറെ വസതിയിലും ഇഡി റെയ്ഡ് നടന്നതാണ് പ്രതിഷേധത്തിന് കാരണം.

പഴയ കൽക്കരി കള്ളക്കടത്ത് കേസുമായി ബന്ധപ്പെട്ട പണമിടപാട് അന്വേഷണത്തിൻറെ ഭാഗമായാണ് റെയ്ഡെന്നാണ് ഇഡി അവകാശപ്പെടുന്നത്. എന്നാൽ ഇത് തെരഞ്ഞെടുപ്പിന് മുന്നോടിയായുള്ള രാഷ്ട്രീയ പകപോക്കലാണെന്നാണ് ടിഎംസിയുടെ ആരോപണം. റെയ്ഡിനിടെ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി നേരിട്ട് സ്ഥലത്തെത്തി പ്രതിഷേധിച്ചിരുന്നു.

ടിഎംസിയുടെ തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ, സ്ഥാനാർഥി പട്ടിക തുടങ്ങിയ രഹസ്യ രേഖകൾ ഇഡി പിടിച്ചെടുക്കാൻ ശ്രമിക്കുകയാണെന്ന് ആരോപിച്ച മമത ബാനർജി അമിത് ഷായ്ക്ക് എതിരെ നടത്തിയ പരാമർശങ്ങളും വിവാദമായിരുന്നു. എന്നാൽ,

റെയ്ഡ് രാഷ്ട്രീയ പ്രേരിതമല്ലെന്നും അന്വേഷണം നിയമാനുസൃതമാണെന്നുമാണ് ഇഡി അവകാശപ്പെടുന്നത്.

## വാഹനങ്ങൾ തമ്മിൽ ആശയവിനിമയം നടത്തുന്ന സാങ്കേതികവിദ്യ ഇന്ത്യയിൽ ഉടൻ വരും

ന്യൂഡൽഹി: ഇന്ത്യയിൽ റോഡപകടങ്ങൾ കുറയ്ക്കാൻ ലക്ഷ്യമിട്ട് വാഹനങ്ങൾ തമ്മിൽ നേരിട്ട് ആശയവിനിമയം നടത്തുന്ന വെഹിക്കിൾ ടു വെഹിക്കിൾ സാങ്കേതികവിദ്യ 2026 അവസാനത്തോടെ നടപ്പാക്കുമെന്ന് കേന്ദ്രം. ഇൻറർനെറ്റിൻറെ ആവശ്യമില്ലാതെ വാഹനങ്ങൾ തമ്മിൽ സിഗ്നലുകൾ കൈമാറി അപകട മുന്നറിയിപ്പുകൾ നൽകുന്ന സംവിധാനമാണിത്

പാർക്ക് ചെയ്ത വാഹനങ്ങളിലേക്ക് പിന്നിൽനിന്ന് വേഗത്തിൽ വരുന്ന വാഹനങ്ങൾ ഇടിക്കുന്നതും കനത്ത മൂടൽമഞ്ഞിൽ വൻ അപകടങ്ങൾ ഉണ്ടാവുന്നതും തടയാൻ ഇത് സഹായിക്കും. ഇതിനായി വാഹനങ്ങളിൽ സിം കാർഡിന് സമാനമായ ഒരു ഉപകരണം സ്ഥാപിക്കുമെന്ന് കേന്ദ്ര റോഡ് ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ഈ ഉപകരണം എല്ലാ ദിശകളിൽനിന്നും (360 ഡിഗ്രി) അടുത്തുവരുന്ന വാഹനങ്ങൾ കണ്ടെത്തി റിയൽ ടൈം അലർട്ട് നൽകും.

സുരക്ഷിത ദൂരം പാലിക്കേണ്ടതിനെക്കുറിച്ചും റോഡരികിലുള്ള ഈ സംവിധാനം മുന്നറിയിപ്പ് നൽകും. 2026 അവസാനത്തോടെ ഗതാഗത മന്ത്രാലയം ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് നിതിൻ ഗഡ്കരി പറഞ്ഞു. പുതിയ വാഹനങ്ങളിൽ ആരംഭിച്ച് ഘട്ടംഘട്ടമായാകും പദ്ധതി നടപ്പാക്കുക. പദ്ധതി ചെലവ് ഏകദേശം 5000 കോടി രൂപയാണ്. ഈ സാങ്കേതികവിദ്യയിലൂടെ ഇന്ത്യൻ റോഡുകളിലെ സുരക്ഷ ഗണ്യമായി വർധിക്കുമെന്നാണ് പ്രതീക്ഷ.

## പശ്ചിമബംഗാൾ ഗവർണർക്ക് ഭീഷണി സന്ദേശമയച്ചയാൾ അറസ്റ്റിൽ

കോൽക്കത്ത: പശ്ചിമബംഗാൾ ഗവർണർ സി. വി. ആനന്ദബോസിന് വധഭീഷണി അയച്ചയാൾ അറസ്റ്റിൽ. കോൽക്കത്തയിലെ സാൾട്ലേക്ക് സ്വദേശിയാണ് അറസ്റ്റിലായത്. ഇയാളിൽ നിന്ന് കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയാണെന്ന് പോലീസ് അറിയിച്ചു. ഭീഷണി സന്ദേശം ഇന്നലെ സി. വി. ആനന്ദബോസിൻറെ എഡിസിക്കാണ് ലഭിച്ചത്. ഭീഷണിയുടെ വിവരം രാജ്ഭവൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തെ അറിയിച്ചു. അതേസമയം, വധഭീഷണി വകവയ്ക്കാതെ കോൽക്കത്തയിലെ തെരുവിലൂടെ സി. വി. ആനന്ദബോസ് ഇന്ന് ഇറങ്ങി നടന്നു. വഴിയിലുള്ള കടയിൽ നിന്ന് ജനങ്ങൾക്കൊപ്പം ആനന്ദബോസ് ഭക്ഷണം കഴിച്ചു.

## വധഭീഷണിക്ക് പിന്നാലെ തെരുവിലിറങ്ങി ഭക്ഷണം കഴിച്ച് ബംഗാൾ ഗവർണർ

കോൽക്കത്ത: വധഭീഷണി ലഭിച്ചതിന് പിന്നാലെ തെരുവിൽ ഇറങ്ങി ഭക്ഷണം കഴിച്ച് പശ്ചിമ ബംഗാൾ ഗവർണർ സി. വി. ആനന്ദബോസ്. പൊതുജനങ്ങൾക്കൊപ്പമാണ് അദ്ദേഹം ഭക്ഷണം കഴിച്ചത്. സംഭവത്തിൻറെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

ലോക്ഭവനിൽ സ്ഫോടനം നടത്തുമെന്നായിരുന്നു വ്യാഴാഴ്ച രാത്രി മെയിൽ വഴി ലഭിച്ച ഭീഷണി സന്ദേശം. ഇതോടെ ലോക്ഭവന് സുരക്ഷ വർധിപ്പിച്ചു. ഭീഷണി വിവരം കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തെ അറിയിച്ചു.

ഭീഷണി സന്ദേശം ലഭിച്ചതിന് പിന്നാലെ സുരക്ഷാ അവലോകന യോഗം ചേർന്നിരുന്നു. സിആർപിഎഫും ബംഗാൾ പോലീസും സുരക്ഷാ ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. എന്നാൽ തനിക്ക് സുരക്ഷ വേണ്ടെന്നും വധഭീഷണി വകവയ്ക്കുന്നില്ലെന്നുമായിരുന്നു ആനന്ദബോസിൻറെ നിലപാട്.

## ഡി.ഫാം പാർട്ട് II പരീക്ഷ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഡി.ഫാം പാർട്ട് II പരീക്ഷ സംസ്ഥാനത്തെ വിവിധ ഫാർമസി കോളേജുകളിൽ വച്ച് മാർച്ച് 25 മുതൽ നടക്കും. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ട അപേക്ഷകർ നിശ്ചിത തുകയ്ക്കുള്ള ഫീസ് അടച്ച് പൂരിപ്പിച്ച അപേക്ഷകൾ ജനുവരി 27ന് മുമ്പായി കോളേജുകളിൽ സമർപ്പിക്കേണ്ടതും അതാത് കോളേജുകളിൽ നിന്നുള്ള അപേക്ഷകൾ ഫെബ്രുവരി 2ന് മുമ്പായി ചെയർമാൻ, ബോർഡ് ഓഫ് ഡി.ഫാം എക്സാമിനേഷൻസ്, തിരുവനന്തപുരം-11 എന്ന വിലാസത്തിൽ അയക്കണം. വിശദ വിവരങ്ങൾക്ക്: www.dme.kerala.gov.in.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ്: പ്രാഥമികതല മത്സരങ്ങളുടെ ഒരുക്കങ്ങൾ പൂർത്തിയായി

കേരളത്തിന്റെ ആവേശോജ്ജ്വലമായ സാമൂഹിക പുരോഗതിയുടെ ചരിത്രത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വിജ്ഞാന യാത്ര-ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് മത്സരം സംസ്ഥാനവ്യാപകമായി ജനുവരി 12 ന് രാവിലെ 11 ന് ആരംഭിക്കും. സ്കൂൾ കോളേജ് വിദ്യാർഥികൾക്കുള്ള പ്രാഥമികതല മത്സരങ്ങളുടെ ഒരുക്കങ്ങൾ പൂർത്തിയായി. 12000 ത്തോളം സ്കൂളുകളിലും 1200 ലധികം കോളേജുകളിലും നടക്കുന്ന ക്വിസ് മൽസരത്തിൽ അഞ്ച് ലക്ഷത്തിലധികം വിദ്യാർഥികൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ സ്കൂളുകളും കോളേജുകളും രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന എസ്.എം.എസ്. മുഖേന യൂസർനെയിമും പാസ്‌വേഡും സെറ്റ് ചെയ്യണം. തുടർന്ന് www.cmmegaquiz.kerala.gov.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് വിവരങ്ങൾ പരിശോധിക്കണം. സ്കൂൾ, കോളേജ് നോഡൽ ഓഫീസർ ജനുവരി 12ന് രാവിലെ 10.30ന് ഐഡിയിൽ ലോഗിൻ ചെയ്ത് രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന ഒ.ടി.പി. ഉപയോഗിച്ച് ചോദ്യ പേപ്പർ ഡൗൺലോഡ് ചെയ്യണം. രാവിലെ 11.10 ഓടെ ഉത്തര സൂചികയും ഡൗൺലോഡ് ചെയ്യാം. മത്സരാർത്ഥികളുടെ ഇരിപ്പിടങ്ങൾ രാവിലെ 10.30-നകം സജ്ജമാക്കണം. മത്സരം പൂർണമായും എഴുത്തു പരീക്ഷയായിരിക്കും. എല്ലാ ക്ലാസുകളിലും മത്സരം നടക്കും.

പ്രാഥമിക മത്സരത്തിനായി 30 ചോദ്യങ്ങളും ടൈബ്രേക്കർ സെഷനായി 10 ചോദ്യങ്ങളുമാണുള്ളത്. മൂല്യനിർണയം പൂർത്തിയാക്കി വിജയികളെ പ്രഖ്യാപിക്കും. വീണ്ടും സമനില വന്നാൽ, പ്രാഥമിക 30 ചോദ്യങ്ങളിലെ നക്ഷത്ര ചിഹ്നം നൽകിയ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകിയവരെ വിജയികളായി പരിഗണിക്കും. ക്വിസിന്റെ പഠന സഹായ സാമഗ്രിയായ എന്റെ കേരളം പ്രത്യേക പതിപ്പിന്റെ ഡിജിറ്റൽ കോപ്പി വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്കും സർവകലാശാല, കോളേജ് വിദ്യാർത്ഥികൾക്കും പ്രത്യേകം മത്സരങ്ങളാണ് നടത്തുന്നത്. സ്കൂൾ തല മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി അഞ്ച് ലക്ഷം രൂപയും രണ്ടാം സമ്മാനമായി മൂന്ന് ലക്ഷം രൂപയും മൂന്നാം സമ്മാനമായി രണ്ട് ലക്ഷം രൂപയും ലഭിക്കും. കോളേജ് തല മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി മൂന്ന് ലക്ഷം രൂപയും രണ്ടാം സമ്മാനമായി രണ്ട് ലക്ഷം രൂപയും മൂന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും സമ്മാനമായി നൽകും. മെമന്റോ, പ്രശസ്തി പത്രം എന്നിവയും വിജയികൾക്ക് ലഭിക്കും.

സ്കൂൾ തലത്തിൽ സ്കൂൾ, വിദ്യാഭ്യാസ ജില്ല, ജില്ല, സംസ്ഥാന തലങ്ങളിലാണ് മത്സരം സംഘടിപ്പിക്കുക. ഈ മത്സരങ്ങളിലുണ്ടാവുന്ന വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വലിയ ചരിത്രമാകും. സ്കൂൾ തലത്തിൽ വ്യക്തിഗതമായി നടത്തുന്ന മത്സരത്തിനു ശേഷം വിദ്യാഭ്യാസ ജില്ല മുതൽ മത്സരം ടീമുകളാകും മത്സരിക്കുക. കോളേജ് വിഭാഗത്തിൽ കോളേജ്, ജില്ല, സംസ്ഥാന തലങ്ങളിലായിരിക്കും മത്സരം. കോളേജ് തലത്തിൽ വ്യക്തിഗതമായും പിന്നീട് ടീമായും മത്സരിക്കാവുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

സംസ്ഥാന തലത്തിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയിലൂടെ ഇരു വിഭാഗങ്ങളിലെയും അന്തിമ വിജയിയെ കണ്ടെത്തും.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.

# ഭിന്നശേഷി അധ്യാപക നിയമനം: കേരളത്തിൻെറ നിലപാട് സുപ്രീംകോടതിയെ അറിയിച്ചു

ന്യൂഡൽഹി: എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി അധ്യാപക നിയമനവുമായി ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിൻറെ നിലപാട് സുപ്രീംകോടതിയിൽ ഫയൽ ചെയ്തു. ഭിന്നശേഷി അധ്യാപക നിയമനത്തിൽ എൻഎസ്എസ് മാനേജ്മെൻറുകൾക്ക് കീഴിലുള്ള സ്കൂളുകൾക്ക് നൽകിയ ആനുകൂല്യം മറ്റ് മാനേജ്മെൻറുകളുടെ സ്കൂളുകൾക്ക് കൂടെ ബാധകമാക്കണമെന്നാണ് കേരളം പുതുതായി നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. നിയമപ്രകാരമുള്ള നിയമമാണ്, എത്രയും വേഗം പൂർത്തിയാക്കുന്നു എന്ന ഉറപ്പാക്കാൻ സർക്കാർ എല്ലാ നടപടികൾ സ്വീകരിക്കുമെന്നും അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ ഈ വിഷയവുമായി ബന്ധപ്പെട്ട കേസിൽ സുപ്രീംകോടതി തീർപ്പ് കല്പിക്കണമെന്ന ആവശ്യവും സ്റ്റാൻഡിംഗ് കോൺസൽ സി. കെ. ശശി മുഖാന്തരം സമർപ്പിച്ച അപേക്ഷയിൽ കേരളം ഉന്നയിച്ചിട്ടുണ്ട്.ഭിന്നശേഷി അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് എൻഎസ്എസ് മാനേജ്മെൻറിന് നൽകിയ ആനുകൂല്യം മറ്റ് മാനേജ്മെൻറുകൾക്കും നല്കണമെന്ന നിലപാട് കേരളം സുപ്രീംകോടതിയെ അറിയിക്കുമെന്ന് സംസ്ഥാന സർക്കാർ നേരത്തെ വ്യക്തമാക്കിയിരുന്നു. മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന ഉന്നത തല യോഗത്തിലായിരുന്നു തീരുമാനം. ക്രിസ്ത്യൻ മാനേജ്മെൻറ് സ്കൂളുകൾ ഈ വിഷയം ഉന്നയിച്ചതിനെ തുടർന്നായിരുന്നു സർക്കാരിൻറെ നടപടി. ഭിന്നശേഷി സംവരണ തസ്തികകൾ ഒഴിച്ചിട്ട ശേഷം മറ്റു അധ്യാപക നിയമനങ്ങൾ അംഗീകരിക്കണമെന്ന് എൻഎസ്എസ് മാനേജ്മെൻറിൻറെ ഹർജിയിൽ സുപ്രീം കോടതി ഉത്തരവിട്ടിരുന്നു.

ബാക്കി മാനേജ്മെൻറുകളിൽ ഈ തീരുമാനം നടപ്പാക്കുന്നതിൽ മറ്റ് പ്രശ്നങ്ങൾ ഉണ്ടാകില്ല എന്ന നിലപാടാണ് കേരളമിപ്പോൾ സുപ്രീം കോടതിയെ അറിയിച്ചിരിക്കുന്നത്.

# ജോലിക്കു പകരം ഭൂമി: ലാലു പ്രസാദ് യാദവിനും കുടുംബത്തിനുമെതിരെ കുറ്റം ചുമത്തി

ന്യൂഡൽഹി: ആർ. ജെ. ഡി. അധ്യക്ഷനും മുൻ കേന്ദ്ര റെയിൽവേ മന്ത്രിയുമായ ലാലു പ്രസാദ് യാദവിനും കുടുംബാംഗങ്ങൾക്കും എതിരെ 'ജോലിക്ക് പകരം ഭൂമി' അഴിമതി കേസിൽ കുറ്റം ചുമത്തി ഡൽഹി റൗസ് അവന്യൂ കോടതി. സ്പെഷ്യൽ ജഡ്ജി വിശാൽ ഗോഗ്നെയാണ് കുറ്റം ചുമത്തിയത്. കുറ്റവിമുക്തരാക്കണമെന്ന് ആവശ്യപ്പെട്ടുള്ള കുറ്റാരോപിതരുടെ അപേക്ഷ തള്ളിയാണ് കോടതി നടപടി. 2004-2009 കാലഘട്ടത്തിൽ ലാലു പ്രസാദ് യാദവ് റെയിൽവേ മന്ത്രിയായിരുന്നപ്പോൾ, റെയിൽവേയിൽ ഗ്രൂപ്പ് ഡി തസ്തികകളിൽ നിയമനം നൽകുന്നതിന് പ്രത്യുപകാരമായി ഉദ്യോഗാർത്ഥികളിൽ നിന്നും സൗജന്യമായി ഭൂമി കൈമാറ്റം ചെയ്തുവാങ്ങി എന്നാണ് സിബിഐയുടെ പ്രധാന ആരോപണം. ഇത്തരത്തിൽ വാങ്ങിയ ഭൂമികൾ ലാലുവിൻറെ കുടുംബാംഗങ്ങളുടെ പേരിലോ അവരുമായി ബന്ധപ്പെട്ട കമ്പനികളിലോ രജിസ്റ്റർ ചെയ്തു.

പ്രതിപ്പട്ടികയിൽ ലാലു പ്രസാദ് യാദവിനൊപ്പം ഭാര്യയും മുൻ ബിഹാർ മുഖ്യമന്ത്രിയുമായ റാബ്രി ദേവി, മക്കളായ തേജസ്വി യാദവ് (മുൻ ബിഹാർ ഉപമുഖ്യമന്ത്രി), തേജ് പ്രതാപ് യാദവ്, മിസാ ഭാരതി (രാജ്യസഭാ എംപി), ഹേമ യാദവ് എന്നിവരും ഉൾപ്പെടുന്നു. മുൻ റെയിൽവേ ഉദ്യോഗസ്ഥരും സഹായികളുമടക്കം നിരവധി പേർ കേസിലെ പ്രതികളാണ്. കുറ്റങ്ങൾ ചുമത്തിക്കൊണ്ടുള്ള ഉത്തരവിൽ കോടതി കടുത്ത വിമർശനമാണ് ഉന്നയിച്ചത്. 'ലാലു പ്രസാദ് യാദവ് റെയിൽവേ മന്ത്രാലയത്തെ തൻറെ സ്വകാര്യ സാമ്രാജ്യമാക്കി മാറ്റി ഒരു ക്രിമിനൽ സിൻഡിക്കേറ്റ് നടത്തിയെന്നും പൊതു സേവനങ്ങൾക്ക് കൈക്കൂലി വാങ്ങി കുടുംബത്തിന് സ്വത്ത് സമ്പാദിച്ചുവെന്നും ജഡ്ജി നിരീക്ഷിച്ചു. ജനുവരി അവസാനം കേസിൽ പൂർണ വിചാരണ നടക്കും.

# വിവാദങ്ങൾക്കു വിരാമം; പുതിയ ഓഫീസ് തുറന്ന് വി. കെ. പ്രശാന്ത് എംഎൽഎ

തിരുവനന്തപുരം: വിവാദങ്ങൾക്കും ചർച്ചകൾക്കും വിരാമമിട്ട് പുതിയ ഓഫീസ് തുറന്ന് വട്ടിയൂർക്കാവ് എംഎൽഎ വി. കെ. പ്രശാന്ത്. മരുതംകുഴിയിൽ എംഎൽഎയുടെ നേതൃത്വത്തിൽ തുടങ്ങിയ വൈബ് സൊസൈറ്റിയുടെ കെട്ടിടത്തിലാണ് പുതിയ ഓഫീസ്.

വിവാദങ്ങളിലല്ല, വികസനത്തിലാണ് തനിക്ക് താല്പര്യമെന്നും അത് പ്രവർത്തിയിലൂടെ തെളിയിക്കുമെന്നും ഓഫീസ് ഉദ്ഘാടനത്തിന് ശേഷം അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

വട്ടിയൂർക്കാവിലെ ജനങ്ങൾക്കൊപ്പമാണ് താനെന്നും വരുന്ന തെരഞ്ഞെടുപ്പിൽ എവിടെ മത്സരിക്കണം എന്നത് പാർട്ടി തീരുമാനിക്കുമെന്നും എംഎൽഎ വ്യക്തമാക്കി. 'ജനങ്ങൾക്ക് കുറച്ചുകൂടി എളുപ്പത്തിൽ എത്തിച്ചേരാൻ പറ്റുന്ന ഇടം എന്നതാണ് ഓഫീസിൻറെ കാര്യത്തിൽ പരിഗണിച്ചത്. ഇപ്പോൾ ലഭിച്ചിരിക്കുന്നത് കുറച്ചുകൂടെ സൗകര്യമുള്ള ഓഫീസാണ്. മണ്ഡലത്തിൽ വലിയ വികസനങ്ങൾ നടന്നു. ഇത്തരം വികസന പ്രവർത്തനങ്ങളെ മറച്ചുവച്ച് വിവാദങ്ങളെ ഉയർത്തിക്കാട്ടാൻ ബോധപൂർവമായ ശ്രമം നടക്കുന്നുണ്ടോ എന്ന് ഞാൻ സംശയിച്ചു'.'പാർട്ടിയോടും വട്ടിയൂർക്കാവിലെ ജനങ്ങളോടും ആലോചിച്ചാണ് ഇങ്ങനെ ഒരു തീരുമാനം. അത് നന്നായി എന്ന് തന്നെയാണ് എല്ലാവരും പറയുന്നത്. എംഎൽഎയെ കാണാൻ 200 പേരെങ്കിലും ദിവസവും വരുന്നുണ്ട്. അവരെ ഉൾക്കൊള്ളാൻ പറ്റുന്ന ഇടമാണ് പുതിയ ഓഫീസ്'.

'പുതിയ ഓഫീസിൽ കൂടുതൽ സൗകര്യങ്ങളുണ്ട്. ഇത് ജനങ്ങൾക്ക് ഏറെ ഉപകാരപ്പെടും. വിവാദങ്ങളുടെ മറവിൽ വട്ടിയൂർക്കാവിൽ വികസനം നടക്കുന്നില്ലെന്ന തരത്തിൽ കുപ്രചരണങ്ങൾ നടക്കുന്നുണ്ട്. എന്നാൽ അത്തരം നീക്കങ്ങൾക്ക് വഴങ്ങിക്കൊടുക്കാൻ താൻ തയാറല്ലെന്നും' അദ്ദേഹം കൂട്ടിച്ചേർത്തു.

ശാസ്തമംഗലം കൗൺസിലർ ആർ. ശ്രീലേഖ ചുമതലയേറ്റതിന് പിന്നാലെ നിലവിലെ ഓഫീസ് തനിക്ക് വേണമെന്ന ആവശ്യം ഉന്നയിച്ചതാണ് വിവാദങ്ങൾക്ക് തുടക്കമിട്ടത്.

# പുഷ്പയെയും തോൽപ്പിച്ച ബുദ്ധി; ലോറിയുടെ ടാങ്കിനുള്ളിൽ രഹസ്യ അറയിൽ ലഹരി കടത്ത്; ഒരാൾ അറസ്റ്റിൽ

ഭോപ്പാൽ: മധ്യപ്രദേശിലെ ഇൻഡോറിൽ സിനിമയെ വെല്ലുന്ന രീതിയിൽ നടന്ന ലഹരിക്കടത്ത് പോലീസ് സാഹസികമായി പിടികൂടി. 'പുഷ്പ' സിനിമയിലെ കടത്തുരീതികളെ ഓർമ്മിപ്പിക്കും വിധം ലോറിയിൽ രഹസ്യ അറകൾ സജ്ജീകരിച്ചാണ് പഞ്ചാബ് സ്വദേശിയായ ബുട്ടാ സിംഗ് മയക്കുമരുന്ന് കടത്താൻ ശ്രമിച്ചത്.

ഇൻഡോറിലെ തേജാജി നഗറിൽ വെച്ച് പോലീസ് നടത്തിയ നിർണായക നീക്കത്തിലാണ് ഏകദേശം 25 ലക്ഷം രൂപ വിലമതിക്കുന്ന 87 കിലോഗ്രാം നിരോധിത പോപ്പി ഹസ്ക് കണ്ടെടുത്തത്. മധ്യപ്രദേശിൽ നിന്ന് പഞ്ചാബിലേക്ക് വലിയ തോതിൽ ലഹരിമരുന്ന് കടത്തുന്നുണ്ടെന്ന രഹസ്യവിവരത്തെത്തുടർന്ന് പോലീസ് സംഘം റോഡ് ഉപരോധം ഏർപ്പെടുത്തി നടത്തിയ പരിശോധനയിലാണ് ഈ തട്ടിപ്പ് പുറത്തായത്.

വാഹനത്തിൻറെ ഷാസിക്ക് താഴെ ഡീസൽ ടാങ്കിന് സമാനമായ രീതിയിൽ കൃത്രിമമായി നിർമ്മിച്ച ലോഹ അറയാണ് പോലീസിനെ പോലും അമ്പരപ്പിച്ചത്. ഒറ്റ നോട്ടത്തിൽ ഇന്ധന ടാങ്ക് എന്ന് തോന്നിപ്പിക്കുന്ന ഈ അറയ്ക്കുള്ളിൽ മയക്കുമരുന്ന് പാക്കറ്റുകൾ അതീവ സുരക്ഷിതമായി ഒളിപ്പിച്ചിരിക്കുകയായിരുന്നു.

സാധാരണ പരിശോധനകളിൽ നിന്നും രക്ഷപ്പെടാൻ വേണ്ടിയാണ് ഇത്രയും സങ്കീർണമായ രീതിയിൽ വാഹനത്തിൽ മാറ്റങ്ങൾ വരുത്തിയതെന്ന് പോലീസ് വ്യക്തമാക്കി. ജലന്ധർ സ്വദേശിയായ പ്രതി ബുട്ടാ സിംഗ് മുൻപും സമാനമായ ലഹരിക്കടത്ത് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തിയാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. മധ്യപ്രദേശിലെ അഗർ ജില്ലയിൽ നിന്നാണ് ഈ ലഹരി ശേഖരം പഞ്ചാബിലേക്ക് കൊണ്ടുപോയിരുന്നത്. ഡിസിപി കൃഷ്ണലാൽ ചാന്ദാനിയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം പ്രതിയെ വിശദമായി ചോദ്യം ചെയ്തു വരികയാണ്.

ഈ ലഹരിക്കടത്തിന് പിന്നിൽ വലിയൊരു സംഘം പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൻറെ ഉറവിടവും വിതരണ ശൃംഖലയും കണ്ടെത്താൻ വിപുലമായ അന്വേഷണം ആരംഭിച്ചതായും അധികൃതർ അറിയിച്ചു.

# വർഗീയതയിൽ ഒന്നാം സ്ഥാനത്ത് എത്തണമെന്ന് വാശിയാണ് മുഖ്യമന്ത്രിക്ക്: രമേശ് ചെന്നിത്തല

തിരുവനന്തപുരം: ഭൂരിപക്ഷ, ന്യൂനപക്ഷ വർഗീയതയെ മുഖ്യമന്ത്രി മാറിമാറി താലോലിക്കുന്നുവെന്നും വർഗീയതയിൽ ഒന്നാം സ്ഥാനത്ത് എത്തണമെന്ന് വാശിയാണ് മുഖ്യമന്ത്രിക്കുള്ളതെന്നും കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. മാറാട് കലാപത്തിൻറെ മുറിവിൽ വീണ്ടും വീണ്ടും മുളക് തേക്കുന്ന ജോലിയാണ് മുഖ്യമന്ത്രി ചെയ്യുന്നതെന്നും രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി.

2016 മുതൽ കേരളത്തിൽ ബിജെപിക്ക് കളം പിടിക്കാൻ അവസരം കൊടുത്ത മുഖ്യമന്ത്രിയാണ് ഇവിടെയുള്ളത്. തൃശൂരിൽ സുരേഷ് ഗോപി വിജയിച്ചത് ഇടതു മുന്നണിയുടെ സഹായത്തോടെയായിരുന്നു. തിരുവനന്തപുരം കോർപറേഷനിൽ ബിജെപി ജയിക്കാനുള്ള സാഹചര്യം ഒരുക്കിയത് സിപിഎമ്മാണെന്നും രമേശ് ചെന്നിത്തല ആരോപിച്ചു. ബിജെപിയുടെ അജണ്ടക്കനുസരിച്ച് കേരളത്തെ രൂപപ്പെടുത്തുന്ന ചുമതലയാണ് മുഖ്യമന്ത്രി സ്വീകരിക്കുന്നത്. വർഗീയ വിഭജനം കൊണ്ട് മാത്രമേ 2026 ൽ കേരളത്തിൽ പിടിച്ചുനിൽക്കാൻ കഴിയുവെന്ന് മുഖ്യമന്ത്രി ചിന്തിക്കുന്നു.

പാർലമെൻറ് തെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ സംസാരിച്ചത് സിഎഎയെ കുറിച്ചായിരുന്നു. പാർലമെൻറ് തെരഞ്ഞെടുപ്പിലെ തിരിച്ചടിക്കുശേഷം മുഖ്യമന്ത്രി ലൈൻ മാറ്റി. കോൺഗ്രസിനെ പരാജയപ്പെടുത്താൻ എല്ലാ കാലത്തും സിപിഎം, ബിജെപിയുടെ പിന്തുണ തേടിയിട്ടുണ്ട്. കൂത്തുപറമ്പിൽ 1976ൽ പിണറായി വിജയൻ ബിജെപിയുടെ പിന്തുണ തേടി.

ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ച് ഭരിക്കൽ തന്ത്രമാണ് ഇവിടെ മുഖ്യമന്ത്രി നടത്താൻ ശ്രമിക്കുന്നത്. മതപരമായി ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള മോദി തന്ത്രം ഇവിടെ പകർത്തുന്നു. മോദിയും പിണറായിയും തമ്മിൽ ഇക്കാര്യത്തിൽ മത്സരമാണ്. മുഖ്യമന്ത്രിക്ക് പറയാൻ കഴിയാത്തത് ബിജെപി പറയും. ഉമ്മൻചാണ്ടി അഞ്ചു വർഷം ഭരിച്ചപ്പോൾ ഒരു വർഗീയ സംഘർഷവും ഉണ്ടായിട്ടില്ല. ജമാഅത്ത ഇസ്ലാമിയുമായി ബന്ധപ്പെട്ട എ. കെ. ബാലൻറെ വിവാദ പരാമശത്തിൽ ജനം ആര് പറയുന്നത് വിശ്വസിക്കണം .

വിഷയത്തിൽ സിപിഎം സംസ്ഥാന സെക്രട്ടറിക്കും മുഖ്യമന്ത്രിക്കും രണ്ട് നിലപാടാണ്. സിപിഎം നിലപാട് അഖിലേന്ത്യ സെക്രട്ടറി വിശദീകരിക്കേണ്ട സാഹചര്യങ്ങളാണ് കേരളത്തിലെന്ന് രമേശ് ചെന്നിത്തല പരിഹസിച്ചു.

# സ്കൂൾ കലോത്സവം: താമരയുടെ പേര് ഒഴിവാക്കിയതിൽ പ്രതിഷേധം, അറസ്റ്റ്

തൃശൂർ: സ്കൂൾ കലോത്സവവേദികൾക്ക് പേര് നൽകിയതിൽ താമരയുടെ പേര് ഒഴിവാക്കിയതിനെതിരെ യുവമോർച്ച പ്രതിഷേധം. വനിതാ പ്രവർത്തകർ അടക്കമുള്ളവരെ അറസ്റ്റ് ചെയ്ത് നീക്കി പോലീസ്.

സ്കൂൾ കലോത്സവം ഗ്രീൻ പ്രോട്ടോക്കോൾ യോഗം നടന്ന ടൗൺ ഹാളിന് മുൻപിലായിരുന്നു പ്രവർത്തകർ താമരപ്പൂവുമായി പ്രതിഷേധിക്കാൻ എത്തിയത്. ഇവരെ പോലീസ് തടഞ്ഞതോടെ പ്രവർത്തകർ കുത്തിയിരുന്നു പ്രതിഷേധിച്ചു.

ദേശീയതയെ ഭയപ്പെടുന്ന, താമരയുടെ പേര് ഒരു വേദിക്ക് ഇടാൻ പോലും ധൈര്യം ഇല്ലാത്ത സർക്കാരാണ് കേരളം ഭരിക്കുന്നതെന്നും സിപിഎമ്മിൻറെ തീരുമാനപ്രകാരമാണ് ദേശീയ പുഷ്പത്തെ പോലും അവഗണിച്ചതെന്നും പ്രതിഷേധം ഉദ്ഘാടനം ചെയ്തു കൊണ്ട് യുവമോർച്ച ജില്ലാ പ്രസിഡൻറ് മനു പള്ളത്ത് പറഞ്ഞു.

നിലവിലെ തീരുമാനം അടിയന്തരമായി തിരുത്തണമെന്നും അല്ലാത്ത പക്ഷം ശക്തമായ പ്രതിഷേധം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

പ്രതിഷേധത്തിനിടെ വേദിയിലേക്ക് വന്ന മേയർ ഡോ. നിജി ജസ്റ്റിന് മടങ്ങിപ്പോകേണ്ടി വന്നു. ഇതിന് പിറകെ മന്ത്രി വി. ശിവൻകുട്ടി വേദിയിലേക്ക് എത്തുന്നതിന് തൊട്ടുമുമ്പാണ് യുവമോർച്ച ജില്ലാ പ്രസിഡൻറ് മനു പള്ളത്ത്, വൈസ് പ്രസിഡന്റുമാരായ അഞ്ജലി എടക്കാട്ടിൽ, ശ്രാവൺ, ജില്ലാ ഭാരവാഹികളായ അമൃത ശ്രീജിത്ത്, ശിവൻ എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കി.

## നിയമസഭാ പുസ്തോത്സവം: മീഡിയ അവാർഡിന് അപേക്ഷിക്കാം

ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിക്കുന്ന കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം നാലാം പതിപ്പിന്റെ ഭാഗമായി മികച്ച രീതിയിൽ പുസ്തകോത്സവ വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന അച്ചടി-ദൃശ്യ-ശ്രവ്യ-ഓൺലൈൻ മാധ്യമങ്ങൾക്കുള്ള അവാർഡുകൾക്ക് അപേക്ഷിക്കാം. അച്ചടി- ദൃശ്യ-ശ്രവ്യ-ഓൺലൈൻ റിപ്പോർട്ടർമാർക്കും വീഡിയോഗ്രാഫർ, ഫോട്ടോഗ്രാഫർ, സോഷ്യൽ മീഡിയ (വ്ലോഗിങ്) റിപ്പോർട്ടർ എന്നിങ്ങനെ 11 ഇനങ്ങളിലാണ് അവാർഡുകൾ ഏർപ്പെടുത്തിയിട്ടുള്ളത്.

10,000 രൂപയും സർട്ടിഫിക്കറ്റും മെമന്റോയും അടങ്ങുന്നതാണ് അവാർഡ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ജനുവരി 29 വൈകിട്ട് 4ന് മുമ്പ് സെക്രട്ടറി, കേരള നിയമസഭ, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-33 വിലാസത്തിൽ ലഭ്യമാക്കണം. അപേക്ഷാഫോമും മാർഗനിർദേശങ്ങളും www.niyamasabha.org യിൽ ലഭിക്കും.

## വീടാക്രമിച്ച് കാട്ടാന; ജനൽച്ചില്ലുകൾ തകർത്തു, കൃഷിയിടവും നശിപ്പിച്ചു

കൊച്ചി: കോതമംഗലം കോട്ടപ്പടി വാവേലിയിൽ വീടിനു നേരെ കാട്ടാനയാക്രമണം. വാവേലി സ്വദേശി കുളപ്പുറം അനീഷിൻറെ വീടിന് നേരെയാണ് ആക്രമണമുണ്ടായത്. വീടിൻറെ ജനാലകൾ ആനയുടെ കുത്തേറ്റ് തകർന്നു. ഇന്നു പുലർച്ചയോടെ മൂന്നോടെയാണ് ആറ് ആനകൾ കൂട്ടത്തോടെ വാവേലിയിലെ ജനവാസ മേഖലയിൽ എത്തിയത്. അതിൽ ഒരാനയാണ് അനീഷിൻറെ വീടിൻറെ ജനൽ ചില്ലുകൾ തകർത്തത്. അനീഷിൻറെ മാതാവ് ഓമന മാത്രമാണ് ഈ സമയം വീട്ടിലുണ്ടായിരുന്നത്. ഇവരുടെ കൃഷിയിടവും ആനക്കൂട്ടം നശിപ്പിച്ചു. കാട്ടാനശല്യത്തിനെതിരെ അധികൃതർ നടപടി സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ഉയർന്നിട്ടുണ്ട്. ട്രഞ്ച് നിർമിക്കാനുള്ള അനുമതി നൽകണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം.

## കുമരകത്ത് നാലു കാറുകൾ കൂട്ടിയിടിച്ച് അപകടം

കോട്ടയം: കുമരകത്ത് നാലു കാറുകൾ കൂട്ടിയിടിച്ച് അപകടം. ഇന്നു രാവിലെ 9.15ന് ക്നായി തൊമ്മൻ ഡിജിറ്റൽ സ്റ്റുഡിയോയുടെ മുന്നിലാണു അപകടമുണ്ടായത്. കുമരകം ഭാഗത്തു നിന്നും കവണാറ്റിൻകര ഭാഗത്തേക്ക് പോയ കാറുകളാണ് ഒന്നിനു പിന്നിൽ ഓരോന്നായി കൂട്ടിയിടിച്ചത്. ഒരു ബൈക്ക് യാത്രക്കാരനെ ഇടിക്കാതിരിക്കാൻ മുന്നിൽ പോയ കാർ പെട്ടന്ന് നിർത്തിയതോടെ പിന്നാലെ വന്ന കാറുകൾ ഒരോന്നിൻറെയും പിന്നിലായി ഇടിക്കുകയായിരുന്നു. യാത്രക്കാർക്കു കാര്യമായ പരിക്കുകൾ ഇല്ലെങ്കിലും കാറുകൾക്ക് കേടുപാടുകൾ സംഭവിച്ചു.

## വഴിയരികിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ ബാഗ്; ഉള്ളിൽ 675 ഗ്രാം കഞ്ചാവും ത്രാസും

കൊച്ചി: ഇടപ്പള്ളി നോർത്ത് വാട്ടർ ടാങ്കിനു സമീപത്തു നിന്ന് ഉപേക്ഷിക്കപ്പെട്ട നിലയിൽ കഞ്ചാവ് അടങ്ങിയ ബാഗ് കണ്ടെത്തി. വ്യാഴാഴ്ച വൈകുന്നേരമാണ് 675 ഗ്രാം കഞ്ചാവും ത്രാസും അടങ്ങിയ ബാഗ് കണ്ടെത്തിയത്. വഴിയരികിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ ബാഗ് ഇരിക്കുന്നുവെന്ന ഫോൺ കോളിൻറെ അടിസ്ഥാനത്തിൽ ചേരാനല്ലൂർ പോലീസ് സ്ഥലത്തെത്തി പരിശോധിച്ചപ്പോഴാണ് ഇവ കണ്ടെത്തിയത്. വില്പന നടത്തുന്നതിനിടെ ആരെങ്കിലും ബാഗ് ഉപേക്ഷിച്ച് കടന്നതാകാമെന്നാണ് പോലീസ് നിഗമനം. ചേരാനല്ലൂർ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

## ഓട്ടോറിക്ഷയിൽനിന്നു തെറിച്ചു വീണ് ആറാം ക്ലാസുകാരനു ദാരുണാന്ത്യം

മലപ്പുറം: ഓട്ടോറിക്ഷയിൽ നിന്നും തെറിച്ചു വീണ് ആറാം ക്ലാസുകാരന് ദാരുണാന്ത്യം.

വാഹനത്തിന് കുറുകെ ചാടിയ പൂച്ചയെ രക്ഷിക്കാൻ ഓട്ടോറിക്ഷ വെട്ടിച്ചപ്പോഴാണ് സംഭവം. കളത്തിൻപടി സ്വദേശി ഷാദിൻ(12) ആണ് മരിച്ചത്.

വ്യാഴാഴ്ച രാത്രി മലപ്പുറം ചെങ്ങര പള്ളിപ്പടിയിൽ വച്ചാണ് അപകടമുണ്ടായത്.

മഞ്ചേരി പുല്ലൂർ സ്കൂളിലെ വിദ്യാർഥിയാണ് ഷാദിൻ. ഗുരുതര പരിക്കേറ്റ ഷാദിനെ ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## കൈക്കൂലി ആരോപണം; ഇഡി ഡെപ്യൂട്ടി ഡയറക്ടറെ സർവീസിൽ നിന്നും നീക്കി

ന്യൂഡൽഹി: നയതന്ത്ര സ്വർണക്കടത്ത് അന്വേഷിച്ച മലയാളി എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ഡെപ്യൂട്ടി ഡയറക്ടർ പി. രാധാകൃഷ്ണനെ സർവീസിൽ നിന്നും നീക്കി. ധനകാര്യമന്ത്രാലയം മൂന്ന് ദിവസം മുൻപാണ് ഉത്തരവിറക്കിയത്. പി. രാധാകൃഷ്ണനോട് നിർബന്ധിതമായി വിരമിക്കാൻ ധനകാര്യ മന്ത്രാലയം ഉത്തരവിടുകയായിരുന്നു. അഞ്ചുവർഷം സേവന കാലാവധി ബാക്കി നിൽക്കെയാണ് രാധാകൃഷ്ണൻ പുറത്താകുന്നത്. നിലവിൽ ജമ്മുകാഷ്മീരിൽ ഇഡി ഡെപ്യൂട്ടി ഡയറക്ടറായി സേവനമനുഷ്ഠിക്കുകയായിരുന്നു ഇദ്ദേഹം. കഴിഞ്ഞ വെള്ളിയാഴ്ചയാണ് രാഷ്ട്രപതി ഉത്തരവിൽ ഒപ്പുവച്ചത്.

തിരുവനന്തപുരം സ്വദേശിയായ ഇദ്ദേഹത്തിനെതിരെ കൈക്കൂലി, വിവരങ്ങൾ ചോർത്തി നൽകൽ തുടങ്ങി നിരവധി ആക്ഷേപങ്ങൾ ഉയർന്നിരുന്നു.